സമത വിജ്ഞാനോത്സവം

പരീശീലകർക്കുള്ള കൈപുസ്തകം

ഭാരത വിജ്ഞാൻ സമിതി

(കേരള ഘടകം)

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ആമുഖം

ദേശീയതലത്തിൽ ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതിയുടെ ആഭിമുഖ്യത്തിൽ സമതാ വിജ്ഞാനോത്സവങ്ങൾ ഇക്കഴിഞ്ഞ ഒരു വർഷമായി നടന്നുവരുന്നു. കേരളത്തിൽ ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി കേരളഘടകത്തിന്റേയും, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റേയും സംയുക്താഭിമുഖ്യത്തിലാണ് ഇവ സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നടത്താൻ ലക്ഷ്യമിട്ടിരുന്ന സമതാ വിജ്ഞാനോത്സവങ്ങൾ ഇതുവരെയായി മുന്നൂറോളം പഞ്ചായത്തുകളിൽ നടന്നുകഴിഞ്ഞു. ഏതാണ്ട് പതിനായിരത്തിലധികം വനിതകൾ ഈ വിജ്ഞാനോത്സവങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഒക്ടോബർ 2 മുതൽ നവംബർ 1 വരെ നടക്കുന്ന സമതാ കാലാജാഥയുടെ അനുബന്ധപരിപാടിയായി സമതാ വിജ്ഞാനോത്സവങ്ങൾ നടത്തുകയാണ്. അതുവഴി അടുത്ത രണ്ടു മൂന്നു മാസങ്ങൾക്കുള്ളിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഇത് പ്രാവർത്തീകമാക്കുക എന്ന ലക്ഷ്യം കൈവരിക്കണം.

ഇനിയും നടക്കേണ്ട സമതാ വിജ്ഞാനോത്സവങ്ങൾക്ക് സഹായകമാകുന്ന വിധമാണ് ഈ കൈപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പഴയ ചില മൂലകൾ പരിഷ്ക്കരിക്കുകയും പുതിയതായി ചിലത് ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ കൈപ്പുസ്തകത്തിൽ ചേർത്തിരിക്കുന്നത് കൂടാതെ കൂടുതൽ വായനയും പഠനവും മനനവും കൊണ്ടു മാത്രമെ വിജ്ഞാനോത്സവത്തിലെ മൂലകൾ ആകർഷകമാക്കാനും ഫലപ്രദമാക്കാനും കഴിയൂ.

സമതാ കോ-ഓർഡിനേഷൻ കമ്മിറ്റി.

■ **സമത വിജ്ഞാനോത്സവം**
പരിശീലകർക്കുള്ള കൈപ്പുസ്തകം

■ പ്രസാധനം - ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി
(കേരളഘടകം)

■ വിതരണം - കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

■ വില - **10 രൂപ**

KSSP 814 IE SEPT. 97 D1/8 015K FT/SS6/97

■ **SAMATA VIGYANOTSAVAM**
PARISEELAKARKKULLA KAIPUSTAKAM

■ *Printed and Published by*
BHARAT GYAN VIGYAN SAMITHI
(Kerala)

■ *Distribution* :
KERALA SASTRA SAHITYA PARISHAD

■ *Price* : **Rs. 10/-**

സമതാ വിജ്ഞാനോത്സവം എന്ത്? എന്തിന്?
സമത എന്ന പ്രസ്ഥാനം

സ്ത്രീകളുടെ അഖിലേന്ത്യാതലത്തിലുള്ള ഒരു കൂട്ടായ്മയായിട്ടാണ് സമത എന്ന പ്രസ്ഥാനത്തെ വിഭാവനം ചെയ്തിരിക്കുന്നത്. ഭാരത ജ്ഞാൻ വിജ്ഞാൻ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ രാജ്യത്താകെ നടന്നുവരുന്ന സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ അക്ഷരവും അറിവും നേടിയ സ്ത്രീകളുടെ ഒത്തുചേരലാണ് സമതക്ക് ജന്മം നൽകിയത്.

സാക്ഷരതയെക്കുറിച്ചും സ്ത്രീ പ്രശ്നങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ചും ഹൃദയസ്പർശിയായ രീതിയിൽ 750 -ൽ പരം വേദികളിൽ കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ട് ഇന്ത്യയുടെ എട്ടു കോണുകളിൽ നിന്നും ആരംഭിച്ച എട്ട് വനിതാ കലാജാഥകൾ എല്ലാ സംസ്ഥാനങ്ങളിലൂടേയും സഞ്ചരിച്ച് 1993 ഏപ്രിൽ 8-ാം തീയതി *ഡ്ധാൻസിയിൽ* ഒത്തുചേർന്നു. ആ സംഗമത്തോടനുബന്ധിച്ച് *ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിന്റെ* അധ്യക്ഷതയിൽ അവിടെ ചേർന്ന വനിതകളുടെ മഹാസമ്മേളനമാണ് സമതക്ക് രൂപം നൽകിയത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും അവിടെ എത്തിചേർന്ന പ്രതിനിധികൾ എല്ലാവരും സമത ഒരു സംഘടനാരൂപത്തിൽ നിലനിൽക്കേണ്ടതാണ് എന്ന് ഏകകണ്ഠമായി ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ വിവിധ സംസ്ഥാനങ്ങളിൽ സാക്ഷരതാ പ്രവർത്തനങ്ങൾക്കും മദ്യവിരുദ്ധ പ്രക്ഷോഭ പ്രവർത്തനങ്ങൾക്കും ചടുലമായ നേതൃത്വം നൽകിക്കൊണ്ട് സ്ത്രീകളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ഓജസുറ്റ വനിതാ സംഘടനയായി ഇതിനകം സമത മാറിക്കഴിഞ്ഞു.

എന്നാൽ കേരളത്തിലെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇവിടെ സമത പ്രത്യേക ഒരു സംഘടനയായി പ്രവർത്തിക്കേണ്ടതില്ല എന്നാണ് കോട്ടയത്തു ചേർന്ന സമതാ സംസ്ഥാന ശിൽപ്പശാല തീരുമാനിച്ചത്. കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ, മഹിളാ സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്ത ആ ശിൽപ്പശാല, സമതയെ വിവിധ വനിതാസംഘടനകളുടെ ഒരു പൊതുവേദിയായി നിലനിർത്തുന്നതാണ് നല്ലതെന്ന് തീരുമാനിച്ചു. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും വികസന പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കു

ന്നതിനും അതുവഴി സ്ത്രീകളുടെ പൊതുവായ ഉന്നതി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയത്തിനും സങ്കുചിത ചിന്തകൾക്കും അതീതമായി എല്ലാവർക്കും യോജിച്ച് പ്രവർത്തിക്കുവാനുള്ള ഒരു പൊതുവേദിയായി സമത മാറണമെന്ന് എല്ലാവരും ആഗ്രഹം പ്രകടിപ്പിച്ചു.അത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനാണ് കേരളത്തിൽ സമത ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സ്ത്രീകളുടെ പദവി ഉയർത്താൻ സമതാ വിജ്ഞാനോത്സവം

സമൂഹത്തിലെ സ്ത്രീയുടെ പദവി ഉയർത്തുന്നതിനും വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ചുരുക്കത്തിൽ, വനിതാ വികസനം സാദ്ധ്യമാക്കുന്നതിനും ഇന്ന് അനവധി കടമ്പകൾ കടക്കേണ്ടതുണ്ട്. ഇന്ത്യൻ സമൂഹത്തിൽ മാത്രമല്ല ആഗോളതലത്തിൽ തന്നെ വൈവിദ്ധ്യമാർന്ന നിരവധി പ്രതിബന്ധങ്ങൾ സ്ത്രീവികസനത്തിന് തടസ്സം സൃഷ്ടിക്കുന്നത് കാണാനാവും.

ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ സമഗ്ര പുരോഗതിക്ക് സഹായകമായേക്കാവുന്ന ചില ഘടകങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. 73 - 74 എന്നീ ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുതലത്തിൽ ഭരണരംഗത്ത് സ്ത്രീകളുടെ മൂർത്തമായ പങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നു. 81 - ാം ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യൻ പാർലമെന്റിലും സംസ്ഥാന നിയസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് പങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമം നടന്നുവരുന്നു. ദേശീയ വനിതാ കമ്മീഷനും സംസ്ഥാന വനിതാ കമ്മീഷനും നിലവിൽ വന്നുകഴിഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടേയും പുരോഗതിക്കായി മാത്രം പ്രവർത്തിക്കുന്ന ഒരു വകുപ്പിന് ദേശീയ തലത്തിൽ രൂപം കൊടുത്തിരിക്കുന്നു. എങ്കിലും ഇതൊന്നും കൊണ്ട് സ്ത്രീകളുടെ സാമൂഹ്യ പദവിയിൽ പ്രകടമായ മാറ്റം സംഭവിച്ചിട്ടില്ല. സ്ത്രീകളെ ശക്തരാക്കുക വഴി മാത്രമേ ഈ സംവിധാനങ്ങളുടെയെല്ലാം പ്രയോജനം സ്ത്രീകൾക്കും അതുവഴി സമൂഹത്തിനും ലഭ്യമാക്കാൻ കഴിയുകയുള്ളൂ. സ്ത്രീ ഇന്നും സമൂഹത്തിൽ പല രംഗങ്ങളിലും ' അദൃശ്യ ' യാണ്. ഈ അദൃശ്യത മാറ്റിയെടുത്തേ മതിയാകൂ.

ഇന്നു ലോകമെമ്പാടും ഈ പ്രശ്നം കൂടുതൽ പ്രസക്തമായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ വികസനത്തിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ദേശീയ വരുമാനത്തിനു പുറമെ സ്ത്രീകളുടെ പദവിയും പങ്കാളിത്തവും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ മാനവ വികസന റിപ്പോർട്ടിനോടൊപ്പം ചില പ്രത്യേക മേഖലകളിൽ സ്ത്രീ പുരുഷ സമത്വം എത്രമാത്രം നിലനിൽക്കുന്നു എന്ന് വിശകലനം ചെയ്യുന്ന 'ജന്റർ' വികസനറിപ്പോർട്ടും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, വരുമാനം എന്നീ മേഖലകളിലെ സ്ത്രീ പുരുഷ സമത്വമാണ് അതിൽ പ്രധാനമായും പരാമർശിച്ചിട്ടുള്ളത്. എന്നാൽ ആ റിപ്പോർട്ട് വസ്തുനിഷ്ഠമായി തയ്യാറാക്കുന്നതിലും ഇന്നത്തെ ചുറ്റുപാടുകളിൽ ചില പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും സ്ത്രീ പങ്കാളിത്ത നിരക്ക് ഏറെക്കുറെ കൃത്യമായി കണക്കാക്കാനാകും. എന്നാൽ വരുമാനത്തിന്റെ കാര്യത്തിൽ അത് സാധ്യമല്ല. അവിടെ സ്ത്രീയുടെ അദൃശ്യത വർദ്ധിക്കുകയാണ് 1985 - ൽ ഐക്യരാഷ്ട്ര സംഘടന പ്രസിദ്ധീകരിച്ച കണക്കിൻ പ്രകാരം 67 ശതമാനം ജോലിയും സ്ത്രീകളാണ് ചെയ്യുന്നതെങ്കിലും അവർക്ക് വരുമാനത്തിന്റെ 10 % മാത്രമേ ലഭിക്കുന്നുള്ളൂ എന്നും, അതിൽത്തന്നെ സ്വത്തവകാശത്തിന്റെ 1% മാത്രമേ അവർക്കുള്ളൂ എന്നും എടുത്തു പറഞ്ഞിരിക്കുന്നു. ഇതൊരു പ്രശ്നമായി അവശേഷിക്കുന്നു.

കൂടാതെ സർക്കാരിന്റെ പുതിയ നയപരിപാടികളിൽ പലതും സ്ത്രീകളെ വീണ്ടും വീണ്ടും പ്രാന്തവത്കരിക്കുന്നു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റേയും ഫലമായി തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളും കൃഷിരീതികളും സ്ത്രീകളെ ഈ രംഗങ്ങളിൽ നിന്നും നിഷ്ക്കാസനം ചെയ്തു. പാവപ്പെട്ട കർഷത്തൊഴിലാളി സ്ത്രീയേയും തൊഴിലിൽ നിന്നു പുറന്തള്ളുന്നു. ആധുനികവൽക്കരണം, യന്ത്രവൽക്കരണം എന്നിവയുടെ പേരിൽ മറ്റു പല രംഗങ്ങളിൽ നിന്നും സ്ത്രീകളെ പുറത്താക്കുന്നു. സ്ത്രീകൾക്ക് സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തതുകൊണ്ട് അവർക്ക് ഈ രംഗങ്ങളിൽ പിടിച്ചുനിൽക്കാനാവില്ല. മാധ്യമങ്ങളിലൂടെ സ്ത്രീ അനുനിമിഷം അപമാനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; വീടിനകത്തും സമൂഹത്തിലും പീഡിപ്പിക്കപ്പെടുന്നു. ഇങ്ങനെ തുടർച്ചയായി സ്ത്രീയുടെ സാമൂഹ്യ പദവി കുറച്ചുകൊണ്ടുവരുന്നതിന് പ്രേരകമായ ഘടകങ്ങൾ സമൂഹത്തിൽ വർദ്ധിച്ചു

വരുന്നു. അതിൽ പലതിനേയും തിരിച്ചറിയാൻ പോലും കഴിയാത്ത ബഹുഭൂരിപക്ഷം സ്ത്രീകളും വിധിവിശ്വാസത്തിൽ ആശ്വാസം കണ്ടെത്തി ജീവിതം നയിക്കുന്നു.

ഇതിനെതിരെ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെങ്കിൽ ഓരോ സ്ത്രീക്കും അവർക്കനുയോജ്യമായ വിദ്യാഭ്യാസം നൽകി അവരുടെ വ്യക്തിത്വം വികസിപ്പിച്ചേ മതിയാകൂ. നിലനിൽക്കുന്ന സാമൂഹ്യതിന്മകൾക്കെതിരെ ശക്തിയായി പോരാടാൻ തക്കവിധം അവർക്ക് ആത്മധൈര്യവും കരുത്തും പകരേണ്ടതുണ്ട്. ആഴത്തിലുള്ള പഠനവും ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അറിവും സ്ത്രീവിരുദ്ധ കാഴ്ചപ്പാടുകളെ തിരിച്ചറിയാനുള്ള കഴിവും സംഘബോധവും വർദ്ധിപ്പിച്ചുകൊണ്ടു മാത്രമേ ഈ പോരാട്ടത്തിൽ സ്ത്രീകളെ അണിനിരത്താനാവൂ. ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് സമതാ വിജ്ഞാനോത്സവം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

സമതാ വിജ്ഞാനോത്സവം - എങ്ങനെ ?

ഇന്ത്യയിലെ മൊത്തം പഞ്ചായത്തുകളും കേന്ദ്രീകരിച്ച് സമതാ വിജ്ഞാനോത്സവം നടത്തുവാൻ തീരുമാനമെടുത്തിരിക്കുകയാണ്. പല ഘട്ടങ്ങളിലായി ഈ പ്രവർത്തനം വിവിധ സംസ്ഥാനങ്ങളിൽ പുരോഗമിച്ചുവരുന്നു.

1996 ആഗസ്റ്റ് മാസത്തിൽ ദേശീയ തലത്തിൽ തന്നെ സമതാ വിജ്ഞാനോത്സവം നടത്തുവാനുള്ള പരിശീലനം ആരംഭിച്ചു. ഹിന്ദി സംസാരിക്കുന്നവർക്കു വേണ്ടി സിംലയിൽ വെച്ചും മറ്റു ഭാഷകൾ സംസാരിക്കുന്നവർക്കുവേണ്ടി നെല്ലൂരിൽ വെച്ചും രണ്ടു പരിശീലനക്കളരികൾ സംഘടിപ്പിക്കപ്പെട്ടു. ഇങ്ങനെ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സെപ്റ്റംബർ മാസത്തിൽ സംസ്ഥാനതല പരിശീലനവും നടന്നു. അതേത്തുടർന്ന് ജില്ലാ തല പരിശീലനവും ഒക്ടോബറിൽ പൂർത്തിയായിക്കഴിഞ്ഞു. വ്യക്തിത്വ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, മദ്യനിരോധനം, പരിസരം, സൈക്ളിംഗ്, അടുക്കള ശാസ്ത്രം, ഗൃഹനിർമ്മിതി എന്നീ മൂലകളിലാണ് ഓരോ വിജ്ഞാനോത്സവത്തിലും പരിശീലനം നൽകിയത്. പ്രാദേശികമായി കൂട്ടിച്ചേർക്കലുകളും വെട്ടിച്ചുരുക്കലുകളുമെല്ലാം ആകാം. ഓരോ മൂലകളിലും പങ്കെടുക്കുന്നവരുടെ എണ്ണം 25നും 30നും ഇടയ്ക്കായിരിക്കണം. കൂട്ടായ ചർച്ചയിലൂടെ റോൾ പ്ലേകളിലൂടെ, സംഘപ്രവർത്തനങ്ങളിലൂടെ, പാട്ടിലൂടെ, കളി

യിലൂടെ ഒക്കെ ഓരോ മേഖലയിലും അതാതു വിഷയത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാനും ഒരു പുതിയ സ്ത്രീപക്ഷ കാഴ്ചപ്പാടിലൂടെ ഓരോ പ്രശ്നങ്ങളേയും വിലയിരുത്താനും സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതിയും പരിശീലനരീതിയും ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇന്നു നിലനിൽക്കുന്ന ജന്മിത്വത്തിന്റെ ആശയഗതികളോടുകൂടിയ മുതലാളിത്ത സമൂഹത്തിന്റെ സ്ത്രീ വിരുദ്ധ കാഴ്ചപാട് തിരിച്ചറിയാനും; അതിനെതിരെ പ്രതികരിക്കാനും സാധാരണക്കാരായ സ്ത്രീകളെ, പ്രത്യേകിച്ചും ഇനിയും സംഘടിത പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടില്ലാത്ത വീട്ടമ്മമാരെ പ്രാപ്തരാക്കുക എന്നതാണ് പഞ്ചായത്തുതല വിജ്ഞാനോത്സവത്തിലൂടെ ശ്രമിക്കുന്നത്. ഈ തിരിച്ചറിവ് ആസൂത്രണത്തിലും വികസനത്തിലും സേവനങ്ങളിലുമെല്ലാം തങ്ങളുടെ പങ്ക് നിർവഹിക്കാനും അർഹമായ അവകാശങ്ങൾ ചോദിച്ചു വാങ്ങുവാനും അവരെ പ്രേരിപ്പിക്കും. സമതയുടെ രണ്ടാം ഘട്ട വിജ്ഞാനോത്സവങ്ങൾ നടക്കുന്ന അവസരത്തിൽ ചില കോർണറുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. വായനോത്സവം, അന്യോന്യം, ഊർജ്ജസംരക്ഷണം, സർഗ്ഗശേഷി വികസനം എന്നിവ പുതിയതായി ചേർത്തിരിക്കുന്നു.

പഞ്ചായത്തുതല സമതാ വിജ്ഞാനോത്സവം

കാര്യപരിപാടി

ഒന്നാം ദിവസം

9.30 - 10.30	രജിസ്ട്രേഷൻ
10.30	ഉദ്ഘാടന സമ്മേളനം
11.30	സമതയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കൽ. ഗ്രൂപ്പു വിഭജനം - ചായ
11.30 - 1.30	നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാ ഗ്രൂപ്പുകളിലും വ്യക്തിത്വ വികസനം കോർണർ / അന്യോന്യം
1.30 2.30	ഉച്ചഭക്ഷണം
2.30 4.30	വ്യത്യസ്ത കോർണറുകൾ ആരോഗ്യം,

രണ്ടാം ദിവസം

9.30 - 11.30	കോർണറുകൾ
11.30 - 1.30	കോർണറുകൾ
1.30 - 2.30	ഉച്ചഭക്ഷണം
2.30 - 4.30	വിജ്ഞാനോത്സവം വിലയിരുത്തൽ ചർച്ച.
4.00	ചായ വിജ്ഞാനോത്സവ സമാപനം

ഊർജ്ജസംരക്ഷണം

1. പരിചയപ്പെടൽ

ഓരോരുത്തരും അവരവരുടെ പേരുകൾ പറയുന്നു. അവയുടെ അർത്ഥമെന്തെന്ന് വിശദമാക്കുന്നു.

2. പ്രവർത്തനം.

എ) ഊർജ്ജമെന്നാൽ എന്താണ്? നിങ്ങളുടെ ഭാവനയിൽ വരുന്ന കാര്യങ്ങൾ കടലാസ്സിൽ എഴുതുക. എഴുതിയവ ചാർട്ടിൽ ഒട്ടിക്കുന്നു. കൂടുതൽ എന്തെങ്കിലും ചേർക്കാനുണ്ടെങ്കിൽ മൂല നയിക്കുന്നയാൾ കൂട്ടിചേർക്കുന്നു.

ബി.) ഊർജ്ജ സ്രോതസ്സുകൾ ഏതൊക്കെ?
പാരമ്പര്യ ഊർജ്ജ സ്രോതസ്സ് - പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് ഇവ പട്ടികയിലുൾപ്പെടുത്തുന്നു.

പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ	പാരമ്പര്യേതരം
വിറക്	കാറ്റ്
പെട്രോൾ	സൗരോർജ്ജം
മണ്ണെണ്ണ	ബയോഗ്യാസ്
വൈദ്യുതി	

ഇവയോരോന്നിനെക്കുറിച്ചും ചെറിയ വിശദീകരണം നൽകണം. പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ ഇന്നത്തെ അപര്യാപ്തത ചർച്ച ചെയ്യണം. ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത -ഊർജ്ജം സംരക്ഷിക്കുന്നത് അത് ഉൽപാദിപ്പിക്കുന്നതിന് തുല്യമാണ്.

ചർച്ച - ഏറ്റവും കൂടുതൽ ഊർജ്ജം ഇന്ന് എന്തിനുവേണ്ടി ചിലവഴിക്കുന്നു.?

ഭക്ഷണം പാകംചെയ്യാൻ. നമ്മുടെ ജനസംഖ്യയെക്കുറിച്ചും ഓരോ വീട്ടിലും പാചകത്തിനുവേണ്ടി ചിലവഴിക്കുന്ന സമയത്തിനെക്കുറിച്ചും പറഞ്ഞ് ബോധ്യപ്പെടുത്തുക.

എത്രപ്പേരുടെ വീട്ടിൽ ഗ്യാസ് അടുപ്പുണ്ട്? മണ്ണെണ്ണ സ്റ്റൗ ? വിറകടുപ്പ്? കൂടുതൽ വിറകടുപ്പ് ആണെന്നു കാണാം.

വിറക് - മണ്ണെണ്ണ - ഗ്യാസ് - ചെലവ് താരതമ്യം ചെയ്യുക.

ചാർട്ട്

ഇന്ധനം	അളവ്	വില	ഊർജ്ജം കിലോ കാലറി	അടുപ്പിന്റെ ദക്ഷത	കിട്ടുന്ന കി. കാലറി	പ്രയോജനം വില 1000 കി.കാലറിക്ക്
വിറക്	1 കി.ഗ്രാം	1 രൂപ	3,600	15%	540	$\frac{1000}{540} = 1.90$
മണ്ണെണ്ണ	1 കി.ഗ്രാം	3 രൂപ	10,000	40%	4,000	$\frac{1000}{4000} \times 3 = 0.75$
കുക്കിംഗ് ഗ്യാസ്	1 കി.ഗ്രാം	8രൂപ	10,500	70%	7,350	$\frac{1000}{7350} \times 8 = 1.10$

ഈ ചാർട്ടിൽ നിന്നും വിറക് അടുപ്പ് ഉപയോഗിക്കുന്നവരാണ് ഊർജ്ജത്തിനായി കൂടുതൽ പണം ചെലവഴിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ വിറക് വിലകൊടുത്തു വാങ്ങാത്തവരുണ്ടാകും. എങ്കിലും വിറകടുപ്പിന്റെ ദക്ഷതക്കുറവ് ചർച്ച വിഷയമാക്കണം. വിറക് പുനരുൽപ്പാദിപ്പിക്കാൻ കഴിയുന്ന ഇന്ധനമാണ്. വനവൽക്കരണം എന്ന ആശയം കൊണ്ടുവരണം. അതോടൊപ്പം ദക്ഷത കൂടിയ അടുപ്പ് - പരിഷത്ത് അടുപ്പ് - പരിചയപ്പെടുത്തണം. ചിത്രസഹായത്തോടേയൊ മോഡൽ നിർമ്മിച്ചോ ഇത് കാണിക്കാവുന്നതാണ്.

<u>മേന്മകൾ</u>

* ദക്ഷതകൂടുതൽ - 30%വരെ കിട്ടുന്നു.
* കുറച്ചു വിറകുമതി
* പുകശല്യം ഒഴിവാക്കാം.
* (പുകയേൽക്കുന്ന സാധാരണ വിറകടുപ്പിൽ പണിയെടുക്കുന്ന വീട്ടമ്മ ഒരുദിവസം ഉൾക്കൊള്ളുന്ന പുകയിൽ ഉള്ള ബെൻസോ ആൽഫാ പൈറിൻ - ഇരുന്നൂറു സിഗറ്റിൽ ഉള്ളതിന് തുല്യമാണ്. ഇത് വിളർച്ചക്ക് കാരണമാകുന്നു.)

പ്രവർത്തനം 4:

സംഘഗാനം - '' അടുക്കള പുകക്കുടുക്കയിൽ''

വൈദ്യുതോർജ്ജം

- ഊർജ്ജസംരക്ഷണം ഊർജ്ജോത്പാദനം പോലെ പ്രസക്തമാണ്.
- എന്തിനൊക്കെ വൈദ്യുതി ഉപയോഗിക്കുന്നു. ?
- ബോർഡിൽ എഴുതാം.

ഗണ്യമായ ഒരുഭാഗം (35%) ഉപയോഗിക്കപ്പെടുന്നത് വീട്ടിലാണ് വീട്ടാവശ്യത്തിന് വൈദ്യുതി എത്തിക്കാനാണ് ചെലവ് കൂടുതൽ.

എങ്ങനെയിത് ലാഭിക്കാം - അഭിപ്രായം പറയുക

1. ബൾബ് മാറ്റി ട്യൂബ് ഉപയോഗിക്കുക. CFL./ചോക്ക് / Electronic Ballast
2. ആവശ്യമില്ലാത്ത സ്വിച്ച് ഓഫാക്കുക.
3. ഹീറ്റർ, അയേൺ ബോക്സ് എന്നിവ അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കുക.
4. സന്ധ്യക്ക് പീക്ക് ലോഡിൽ അനാവശ്യമായി ഇലട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
5. മിനിമം ഉപയോഗമാക്കുക. ഇതിലെല്ലാം വീട്ടമ്മമാർക്കാണ് പങ്ക്.
6. ഇലട്രിക് ലൈനിൽ ഉണ്ടാവുന്ന ടച്ചിംഗ്സ് ഒഴിവാക്കിയാൽ മാത്രമെ വോൾട്ടേജ് കൂടുതൽ ലഭിക്കുകയും. പ്രേഷണ നഷ്ടം കുറയുകയുമുള്ളൂ. അതിന് മുൻകൈ എടുക്കണം.
7. സ്റ്റെപ്പ്-അപ്പ് ഉപയോഗിക്കുന്നത് ലൈനിലെ പ്രശ്നം രൂക്ഷകരമാക്കും.
8. അലങ്കാരങ്ങൾക്കും, ആഡംബരങ്ങൾക്കും വേണ്ടി ഊർജ്ജം ഒരു ധൂർത്തായി ഉപയോഗിക്കാതിരിക്കുക.

(Roleplay- വീട്ടിലെ ഊർജ്ജം പാഴായി പോവുന്നതിനെ സംബന്ധിച്ച്)

(ഇന്ധനം, വൈദ്യുതി തുടങ്ങിയവ സീറോ വാൾട്ട് ബൾബ്, സ്വിച്ച്, ഫാൻ) ഡീസൽ , പെട്രോൾ ഇവയുടെയും ഉപയോഗം പരമാവധി കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്. കാരണംപുനർനിർമ്മിക്കാൻ പറ്റാത്തവയാണ്.

ഇവ കൂടാതെ സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കുകൾ, അടുപ്പുകൾ ഉണ്ട്, അത്ര വ്യാപകമല്ല.

<u>എങ്ങനെ ഇടപെടാം</u> -

സാമൂഹ്യ പ്രശ്നമായി കണക്കാക്കി എങ്ങനെ ഇടപെടാം.
Case study ആവാം - Roleplay-ഉം ..

1.) പഞ്ചായത്തിലെ തെരുവു വിളക്കുകൾ രാവിലെ 10 മണി വരെ കത്തിക്കിടക്കുന്നു. എങ്ങനെ പ്രതികരിക്കും?
2.) ഇലട്രിക്ക്പോസ്റ്റിലെ ടച്ചിംഗ്സ്
3.) കൂടുതൽ ഇലട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ പണം

കുറച്ച് അടയ്ക്കുന്നുണ്ടോ എന്ന പഠനം നടത്തി ഉണ്ടെങ്കിൽ തുറന്നു കാണിക്കുക. ഇതിന് എന്തൊക്കെ സാധ്യതകൾ ഉപയോഗിക്കാം.

(അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കുക..etc..)

ഊർജ്ജ സംരക്ഷണം കൊണ്ട് ഊന്നുന്നത് വെറും ഊർജ്ജ സംരക്ഷണമല്ല, എന്ന് സ്ത്രീകളുടെ സമയലാഭവും കൂടിയാണ്. ഈ സമയലാഭം മറ്റു വികസന പ്രവർത്തനങ്ങൾക്കും, സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

നമ്മുടെ ആരോഗ്യം

മഞ്ഞുരുക്കൽ :

പരിസരം മലിനമാക്കുന്നതും ഉപയോഗശൂന്യമായി വലിച്ചെറിയപ്പെടുന്നതുമായ ചപ്പുചവറുകൾ, പ്ലാസ്റ്റിക് കൂട്, തുടങ്ങിയ ഏതെങ്കിലും ഒരു വസ്തുവിന്റെ പേരെഴുതി ഒരാളുടെ തലയ്ക്കുപിന്നിൽ അയാൾക്കു കാണാനാവാത്ത വിധം പ്രദർശിപ്പിക്കുക. അയാൾ അതെ എന്നോ അല്ല എന്നോ ഉത്തരം തരാവുന്ന ചോദ്യങ്ങൾ മാത്രം ചോദിച്ച് പേരെഴുതിയ വസ്തു ഏതെന്ന് കണ്ടെത്താൻ പറയുക.കളി ഒന്നുരണ്ടുതവണ ആവർത്തിച്ചതിനു ശേഷം നിർത്തുക.

കളിയിൽ ഉയർന്നു വരുന്ന ചോദ്യങ്ങളിൽ പ്രസക്തമായവ വിശകലനം ചെയ്ത് പരിസരപ്രശ്നം എന്ന വിഷയത്തിലേക്ക് സംഭാഷണം കൊണ്ടുവരിക.

* *പരിസരം ദുഷിച്ചാൽ നമ്മുടെ മണ്ണ്, ജലം, വായു എന്നിവ ദുഷിക്കുന്നു.*
* *മണ്ണിൽ വിള നശിക്കുന്നു.*
* *വായു, ജലം എന്നിവയിൽ രോഗാണുക്കൾ പെരുകുന്നു.*
* *അനാരോഗ്യകരമായ ചുറ്റുപാടുകളിൽ വസിക്കുന്ന മനുഷ്യരുടെ ആരോഗ്യം കുറയുന്നു.*
* *രോഗങ്ങൾ പെരുകുന്നു.*

കളികൾ

1). പല നിറങ്ങളുള്ള കടലാസു തുണ്ടുകൾ വെട്ടിയിടുക. ഓരോ നിറവും ഓരോതരം മാലിന്യം.

ഉദാഃ - പച്ച - ചപ്പുചവറ്

നീല - കുപ്പി.

ചുവപ്പ് - പ്ലാസ്റ്റിക് കൂട്

തുണ്ടുകൾ വിതറിയിട്ട് ഒരു ഗ്രൂപ്പിനോട് മാലിന്യങ്ങൾ ശേഖരിക്കുവാൻ പറയുക. ദ്രവിക്കുവാൻ വിഷമമുള്ള മാലിന്യങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുക. കൂടുതൽ ശേഖരിക്കുന്നവർക്ക് കൂടുതൽ മാർക്ക്.

2) പഞ്ഞി, പഴത്തൊലി, ബാൻഡേജ്, സിറിഞ്ച്, പ്ലാസ്റ്റിക് കൂട്, കുപ്പി തുടങ്ങിയവ തരം തിരിക്കുക.
(ഓരോന്നിന്റേയും ദോഷങ്ങൾ, ദ്രവിക്കാനെടുക്കുന്ന കാലയളവ്, എന്നിവ ചാർട്ടായിട്ടെഴുതുക)

3). ജലത്തിലുണ്ടായേക്കാവുന്ന വിവിധതരം മാലിന്യങ്ങൾ, ദോഷങ്ങൾ, വിവിധ ശുദ്ധീകരണ മാർഗ്ഗങ്ങൾ ഇവ ചാർട്ട് ഉപയോഗിച്ച് പ്രദർശിപ്പിക്കുക.

ചർച്ച

വായു, മണ്ണ്, ജലം - ഇവ മലിനമാകാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത -

* വായുവിലെ വിഷാംശങ്ങൾ
* വർദ്ധിച്ചുവരുന്ന ശ്വാസകോശ രോഗങ്ങൾ
* മാറിവരുന്ന കാലാവസ്ഥ
* ഹരിത ഗൃഹപ്രഭാവം (Green house effect)
* മണ്ണിലെ വിഷാംശങ്ങൾ
* പ്ലാസ്റ്റിക് ആവരണം തീർക്കുന്ന ദോഷങ്ങൾ
* ജൈവകീടങ്ങൾക്കു സംഭവിക്കുന്ന നാശം
* വിളകൾക്ക് ബാധിക്കുന്ന രോഗങ്ങൾ
* മലിനമാകുന്ന ആഹാരം
* നശിക്കുന്ന ജലജീവികൾ
* കെട്ടിക്കിടക്കുന്ന ദുഷിച്ച വെള്ളം
* പെരുകുന്ന ഈച്ച, കൊതുക്, രോഗാണുക്കൾ
* നിയന്ത്രണാതീതമാകുന്ന പകർച്ചവ്യാധികൾ

(ഉദാഹരണ സഹിതം വിശദീകരിക്കണം.)

ഉദാഃ പ്ലേഗ് - സൂറത്തിലെ പ്ലേഗ് ആക്രമണം - മുനിസിപാലിറ്റി കാണിച്ച ശുഷ്ക്കാന്തി - ഇന്ന് സൂറത്ത് വൃത്തിയുള്ള നഗരമായി - ഇത്തരം ആപൽഘട്ടത്തിൽ മാത്രം ഉണർന്നു പ്രവർത്തിക്കുന്നതിനു പകരം രോഗം വരാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത.

ചർച്ച

ഏതെല്ലാം വിധത്തിൽ നമുക്ക് രോഗങ്ങൾ പരമാവധി തടയാൻ കഴിയും?

ചാർട്ട്

പരിസ്ഥിതി * അവമൂലമുണ്ടാകുന്നതും തടയാവുന്നതുമായ പ്രശ്നങ്ങൾ - രോഗങ്ങൾ * മാർഗ്ഗങ്ങൾ

- ശുചിത്വബോധംവളർത്തിയെടുക്കണം.
- വെള്ളം തിളപ്പിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യം വിശദമാക്കണം.

- ഭക്ഷണത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ കാര്യങ്ങൾ വിശദമാക്കണം.
- പാൻപരാഗ് പോലുള്ളവ കഴിയ്ക്കുന്നതുകൊണ്ടുള്ള ദൂഷ്യ ഫലങ്ങൾ.

പ്രവർത്തനം.

നാടൻ ഭക്ഷണവിഭവങ്ങൾ, ഭക്ഷ്യവസ്തുക്കൾ ഇവ എഴുതുവാൻ പറയുക. ഇന്ന് കിട്ടാനില്ലാത്ത നാടൻ സസ്യങ്ങൾ എഴുതട്ടെ.

(പരിസ്ഥിതി നാശം മൂലം അപ്രത്യക്ഷമാകുന്ന ഗുണസമ്പുഷ്ടമായ പച്ചക്കറികളും ഇലകളും - അറിയാവുന്നവ ചാർട്ട് ചെയ്യുക.)

കൃഷിഭൂമി നഷ്ടമാകുന്നതും കോൺക്രീറ്റ് സൗധങ്ങൾ ഉയരുന്നതും ചർച്ചയിൽ കൊണ്ടുവരണം.

പ്രവർത്തനം (Mind Mapping)

* ആരോഗ്യപൂർണ്ണമായ ഒരു സമൂഹത്തെക്കുറിച്ച് നിങ്ങൾക്കുള്ള സങ്കൽപ്പങ്ങൾ എന്തെല്ലാം ? കുറിപ്പെഴുതുക.

ആരോഗ്യ പൂർണ്ണമായ ഒരു സമൂഹം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതകൾ കുറിപ്പിലെ പ്രധാന പോയിന്റുകളായി അക്കമിട്ടെഴുതി ചർച്ച ചെയ്യുക. ആ ലക്ഷ്യം നേടാൻ നമ്മൾ സ്ത്രീകൾക്ക് ഏതുതരത്തിൽ മുൻകൈ എടുക്കാനാകും?

പ്രവർത്തനം

പരിസരം, കുടിവെള്ളം, ആരോഗ്യം ഇവ വികസനസമിതികളുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ പ്രോജക്റ്റുകൾ കോപ്പിയെടുത്ത് നൽകി വായിച്ച് ചർച്ചചെയ്യുക.

വിദ്യാഭ്യാസം

1. <u>സംഘപ്രവർത്തനം</u> (5 മിനിറ്റ്)

(a) സംഘഗാനം - നാടോടിപ്പാട്ടുകൾ / സ്ത്രീയുടെ ശക്തിയെ ഉണർത്തുന്ന പാട്ടുകൾ. (ഒത്തുചേർന്നുപാടുക)

(b) എല്ലാവരും സ്വയം പരിചയപ്പെടുത്തുക, പേരുകൾ ഓർമ്മിച്ചുവയ്ക്കുക, എഴുതാൻ പാടില്ല. പരിചയപ്പെടുത്തൽ കഴിഞ്ഞ് പേരുകൾ എഴുതുക. ഏറ്റവും അധികം പേരുകൾ ആര് എഴുതി എന്ന് പരിശോധിക്കുക. എന്തുകൊണ്ട് ആ പേരുകൾ ഓർമ്മിച്ചു ?

(c) മറക്കാനാവാത്ത ഒരു സംഭവം വിശദീകരിച്ച് വായിച്ചു കേൾപ്പിക്കുക അതു കഴിഞ്ഞ് എല്ലാവരും ഒരു പേപ്പറിൽ എഴുതുക. വൃത്യസ്തമായ ചിത്രീകരണങ്ങൾ ശ്രദ്ധിക്കുക.

(d) പങ്കെടുക്കുന്നവരെ 1, 2, 1-2 എന്നിങ്ങനെ എണ്ണി രണ്ടു ഗ്രൂപ്പുകളാക്കുക 1-നെ മുഴുവൻ ഒരു മനോഹരമായ ചിത്രം കാട്ടിക്കൊടുക്കുന്നു. അത് 1 ചെന്ന് 2നോട് പറഞ്ഞ് വരപ്പിക്കണം ചൂണ്ടിക്കാണിക്കാനും സ്ഥാനം നിർദ്ദേശിക്കാനും പാടില്ല, കേട്ടു വരയ്ക്കണം.

2. <u>വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം</u>

(1) സ്വത്വബോധം
(2) തുല്യ നീതി, തുല്യ നിയമം ഇവയെക്കുറിച്ചുള്ള അറിവ്
(3) വ്യക്തിത്വ വികാസം
(4) അറിവ് സ്വയം വർദ്ധിപ്പിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

വ്യക്തിയുടെ റോൾ, വിദ്യാഭ്യാസത്തിന്റെ ഇടപെടൽ ആരോഗ്യ ശീലം, ജനാധിപത്യ - സാമൂഹ്യ ബോധം വളർത്തുക.

3. <u>റോൾ പ്ലേ</u> (20 മിനിറ്റ്, 10 + 10)

(1) അധിക ഭാരമുള്ള സ്ക്കൂൾ വിദ്യാർത്ഥികളുടെയും, അവരുടെ അമ്മമാരുടേയും മാനസിക പിരിമുറുക്കം (രണ്ടു ഗ്രൂപ്പുകളായി തിരിച്ച്)

(2) സാധാരണ സ്ക്കൂളിലെ വിദ്യാർത്ഥികളുടേയും അമ്മമാരുടേയും മാനസികാവസ്ഥ (ചർച്ച)

എത്തിച്ചേരേണ്ട പോയിന്റുകൾ

1. വിദ്യാഭ്യാസ രംഗത്തെ അപാകതകൾ
2. വിദ്യാഭ്യാസ പദ്ധതിയുടെ അപര്യാപ്തതകൾ

4. **റോൾ പ്ലേ**

സ്ത്രീകളെ രണ്ടു ഗ്രൂപ്പുകളായി തിരിക്കുന്നു. ഒരു ഗ്രൂപ്പ് മൃഗങ്ങളുൾപ്പെടുന്ന ഏതെങ്കിലും കഥ മൂകാഭിനയത്തിൽ കാണിക്കുക. കഥ അവതരിപ്പിച്ചുകഴിഞ്ഞശേഷം കഥയുടെ സന്ദേശമെന്തെന്ന് ചർച്ച ചെയ്യുക. ഈ കളിയിലൂടെ, കഥകളിലൂടെ ആശയവിനിമയം നടത്താൻ കഴിയുമെന്ന് മനസ്സിലാക്കുന്നു. കുട്ടികളുടെ കാര്യത്തിൽ കഥ കേൾക്കാനുള്ള താൽപ്പര്യം ചർച്ച ചെയ്യുന്നു. രസകരമായി കാര്യങ്ങൾ മനസ്സിലാക്കാൻ കഥകളിലൂടെയും കവിതകളിലൂടേയും കഴിയുമെന്ന് വിശദീകരിക്കുക.

5. *ചർച്ച*

മാതൃസംഗമം എന്തിന്? മാതൃസംഗമത്തിന് എന്തൊക്കെ ചെയ്യാനാകും?

* ക്ലാസ്സ് മുറിയിലെ പഠനത്തിൽ അമ്മമാർക്ക് എന്തു ചെയ്യാനാവും?
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തു ചെയ്യാം?
* സയൻസ് ക്ലബ്ബ്, സാഹിത്യസമാജം, തൊഴിൽ പരിശീലനം തുടങ്ങിയവയിൽ അമ്മമാരുടെ പങ്ക്
* സ്ക്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ എങ്ങിനെ വർദ്ധിപ്പിക്കാം - അതുകൊണ്ടുള്ള മെച്ചമെന്ത്?
* നിങ്ങൾ എത്ര വയസ്സിൽ സ്ക്കൂളിൽ പോയി? എത്രവരെ പഠിച്ചു. 5 - 6 വയസ്സിൽ പഠിച്ചിട്ട് എന്തെങ്കിലും പോരായ്മ തോന്നിയോ? കുട്ടികളെ എത്ര വയസ്സിൽ അക്ഷരം പഠിപ്പിക്കാൻ തുടങ്ങണം? 3 - 4 വയസ്സിൽ കുട്ടികൾക്ക് സ്ക്കൂളിൽ പോകാൻ ഇഷ്ടമാണോ? ഗൃഹപാഠങ്ങൾ ചെയ്യാൻ കുട്ടികൾക്ക് ഇഷ്ടമാണോ? അയൽപക്കത്തെ കുട്ടികളുമായി കളിക്കാനോ ഇടപഴകാനോ സമയം

കിട്ടുന്നുണ്ടോ? (സാമൂഹ്യബോധം ഉണ്ടാകേണ്ടതിന്റെ ആവശ്യകത പറഞ്ഞു മനസ്സിലാക്കണം) യശ്പാൽ കമ്മറ്റി റിപ്പോർട്ടിനെ കുറിച്ച് കേട്ടിട്ടുണ്ടോ?

<u>യശ്പാൽ കമ്മറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ചിലത്</u>

1. വ്യക്തിപരമായ മത്സരങ്ങളേക്കാൾ സംഘപ്രവർത്തനങ്ങൾക്കു മുൻഗണന നൽകണം. മത്സരങ്ങൾ, കുട്ടികൾ തമ്മിൽ ആരോഗ്യകരമല്ലാത്ത മാത്സര്യം വളർത്തും.
2. നഴ്സറി വിദ്യാലയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം ഉണ്ടാകണം. ഇത്തരം വിദ്യാലയങ്ങിൽ ''അധിക വിദ്യാഭ്യാസം'' നൽകി കുഞ്ഞുങ്ങളെ പീഡിപ്പിക്കുകയില്ലെന്ന് ഉറപ്പുവരുത്തണം. ഇത്തരം സ്ക്കൂളുകളിലേക്കുള്ള പ്രവേശനത്തിന് പ്രവേശനപരീക്ഷ ഇന്റർവ്യു തുടങ്ങിയവ ഇല്ലാതാക്കണം.
3. വലിയ ബാഗും ടെസ്റ്റ് ബുക്കുകളും ദിവസേന സ്ക്കൂളിലേക്ക് ചുമന്ന് കുട്ടികളെ ദ്രോഹിക്കുന്നത് ശരിയല്ല. ടെക്സ്റ്റ് ബുക്കുകൾ സ്ക്കൂളിൽ ഉണ്ടായാൽ മതിയാകും. ഓരോ കുട്ടിക്കും ടെക്സ്റ്റ് ബുക്ക് ആവശ്യമില്ല. അവ സ്ക്കൂളിൽ വച്ച് കുട്ടിക്ക് പരിശോധിക്കാനുള്ള അവസരം ഉണ്ടാക്കിയാൽ മതി.
4. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്ക് ഹോംവർക്ക് നൽകരുത്.
5. ഭാഷാ പാഠപുസ്തകങ്ങൾ കുട്ടികളുടെ ജീവിത സാഹചര്യങ്ങളുമായി ഇണങ്ങുന്നവയായിരിക്കണം. ഭാവനാപൂർണ്ണമായ കഥകൾ, കവിതകൾ സാധാരണക്കാരുടെ ജീവിതം നിഴലിക്കുന്ന കഥകൾ എന്നിവക്ക് പ്രാധാന്യം നൽകണം. സംസാര ഭാഷയിലാവണം പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ടത്.

<u>പ്രവർത്തനം - 6</u>

2-ാം സ്റ്റാന്റേർഡിലെ പാഠപുസ്തകം എല്ലാവർക്കും കൊടുത്ത് വായിക്കാൻ പറയുക. അതിൽ സ്ത്രീവിരുദ്ധത ഉണ്ടോ എന്ന് ചോദിക്കുക. ഡി. പി. ഇ. പി. നടക്കുന്ന ജില്ലകളിൽ പുതിയ പാഠപുസ്തകങ്ങൾ നൽകി അവയെ വിശകലനം ചെയ്യുക.


MEDIUM
ENGLISH
100% ENGLISH MEDIUM
ENGLISH CAPSULE


MEMO POWER
IQ 2000
MEMO POWER
SUPER BRAIN
SUPER BRAIN
1st RANK HOLDER
RANK
RANK
RANK

സ്ത്രീകളും മനുഷ്യാവകാശങ്ങളും

1.പരിചയപ്പെടൽ

2.മഞ്ഞുരുക്കൽ 15 മിനിറ്റ്

ഓരോരുത്തർക്കും ഒരു പേപ്പർ കൊടുക്കുന്നു. നിങ്ങൾ ഇപ്പോൾ ഗർഭിണിയാണ്.നിങ്ങൾ ആഗ്രഹിക്കുന്നത് ആൺകുട്ടിയോ, പെൺകുട്ടിയോ? പേപ്പറിൽ അത് കുറിച്ച് തിരിച്ചു വാങ്ങി, രണ്ടു ഗ്രൂപ്പുകളാക്കുന്നു. എന്തുകൊണ്ട് നിങ്ങൾ ആൺകുഞ്ഞിനെ/പെൺകുഞ്ഞിനെ ആഗ്രഹിച്ചു. രണ്ടു മൂന്നു പേരോട് ചോദ്യം ചോദിക്കുന്നു.

1. ഇന്ന് സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ ഓരോരുത്തരും പറയുന്നു. അവയെ പ്രത്യക്ഷ പീഡനമെന്നും പരോക്ഷ പീഡനമെന്നും രണ്ടായിതിരിക്കുന്നു.

   പ്രത്യക്ഷ പീഡനം - ശാരീരിക പീഡനങ്ങൾ, മർദ്ദനം, ലൈംഗിക ചേഷ്ടകൾ മുതൽ ബലാൽസംഗം വരെ.

   പരോക്ഷപീഡനം - മാനസീക പീഡനം, ആത്മവിശ്വാസം തകർക്കൽ പെൺകുട്ടിയോടുള്ള അവഗണന.

2. **റോൾപ്ലേ**

   രണ്ടുമൂന്ന് ഗ്രൂപ്പുകൾ തിരിച്ച് , സ്ത്രീ വീടിനകത്തും പുറത്തും അനുഭവിക്കുന്ന പീഡനങ്ങൾ അവതരിപ്പിക്കുന്ന റോൾപ്ലേ

   5 മിനിറ്റ് -വിഷയാവതരണം

   10 മിനിറ്റ് - ആലോചന

   5 ഗ്രൂപ്പ് (15 മിനിറ്റ്) അവതരണം

   10 മിനിറ്റ് ചർച്ച (ആകെ 40 മിനിറ്റ്)

3. **സ്ത്രീകളെ 4,5 ഗ്രൂപ്പുകളായി തിരിക്കുന്നു.** 20 മിനിറ്റ്

   ഗ്രൂപ്പിന് വ്യത്യസ്തങ്ങളായ പത്രങ്ങൾ കൊടുക്കുന്നു. സ്ത്രീയെ ബാധിക്കുന്ന വാർത്തകൾ വായിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നു. (സ്ത്രീകളെ കുറിച്ചുള്ള Sensational വാർത്തകൾ ആണ് ധാരാളമായി വരുന്നത്. സ്ത്രീകളുടെ മുന്നേറ്റങ്ങളെ എടുത്തു കാട്ടുന്ന വാർത്തകൾ വേണ്ടത്ര പത്രത്തിൽ വരുന്നില്ല. മാധ്യമത്തിന്റെ സ്വീകർത്താക്കൾ മാത്രമാണിന്ന് സ്ത്രീകൾ. സ്ത്രീകൾ മാധ്യമ രംഗത്തേയ്ക്ക് വരേണ്ടതിന്റെ ആവശ്യം ഇവിടെ പ്രസക്തം.)

5. ചർച്ച സ്ത്രീകൾക്കുനേരെയുള്ള കൈയേറ്റങ്ങൾ അവസാനിപ്പിക്കുന്നതിന് ഇന്ന് നിലനിൽക്കുന്ന നിയമത്തിന്റെ സാധ്യതകൾ. (40 മിനിറ്റ്)

ആമുഖം.

1. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നിയമം കൊണ്ടുമാത്രം തടയാൻ കഴിയില്ല. - സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം, പ്രതികരണശേഷി വളർത്തുക - ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

(1) *ബലാൽസംഗം*

ഇന്ത്യൻ ശിക്ഷാനിയമം 375 -ാം വകുപ്പ് - ഒരു സ്ത്രീയുടെ ഹിതത്തിനെതിരായി / അവളുടെ അനുവാദം കൂടാതെ/ ഭീഷണിപ്പെടുത്തി/ ഭർത്താവെന്ന് തെറ്റിദ്ധരിപ്പിച്ച് ഇങ്ങനെ നടത്തുന്ന ലൈംഗിക ബന്ധങ്ങൾ ബലാൽക്കാരത്തിൽപ്പെടുന്നു. 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളുമായി അവരുടെ സമ്മതം ഉണ്ടെങ്കിൽ പോലും ബന്ധപ്പെട്ടാൽ ബലാൽ സംഗമായി കാണും. ഇതിന് കുറഞ്ഞശിക്ഷ 7വർഷം തടവാണ്.

(2) *തട്ടികൊണ്ടുപോകൽ - പിടിച്ചുകൊണ്ടുപോകൽ*

18 വയസ്സിന് താഴെയുള്ള പെൺകുട്ടിയെ അവളുടെ ഇംഗിതത്തിനു വിധേയമായിട്ടാണേലും രക്ഷാകർത്താക്കളിൽനിന്നകറ്റുന്നത് - തട്ടികൊണ്ടുപോകൽ - മുതിർന്ന സ്ത്രീയെ - ബലംപ്രയോഗിച്ചോ, സമ്മതം കൂടാതെയോ ഒരു സ്ഥലത്തുനിന്നും കൊണ്ടുപോകുന്നത് കുറ്റകൃത്യമാണ്. ഇതിനും 7 വർഷത്തെ തടവും പിഴയും ശിക്ഷയാണ്. 18 വയസ്സിനു താഴെയുള്ള പെൺകുട്ടികളെ വേശ്യാവൃത്തിക്കോ മറ്റോ കടത്തി കൊണ്ടുപോകുന്നതിന് 10 വർഷത്തെ തടവും പിഴയുമാണ് ശിക്ഷ.

(3) *കയ്യേറ്റം.*

സ്ത്രീയെ വേദനിപ്പിക്കുകയോ ശല്യപ്പെടുത്തുകയൊ ചെയ്യുന്നത് - ബലം പ്രയോഗിക്കുന്നത്, 3 മാസം തടവുശിക്ഷ വിധിക്കാവുന്ന കുറ്റമാണ്.

(4) *വേശ്യാവൃത്തി*

ഇത് ആണായാലും പെണ്ണായാലും ശിക്ഷയുണ്ട്. വേശ്യാവൃത്തിക്ക് സ്ഥലം നൽകുന്നവർക്ക് 5,000 /-പിഴയുണ്ട്. വേശ്യാവൃത്തിയിൽ നിന്നും കിട്ടുന്ന ആദായം കൊണ്ട് ജീവിക്കുന്നവർക്ക് 7 വർഷം തടവും പിഴയും, കൂട്ടിക്കൊടുപ്പുകാർക്ക് (പിമ്പ്) 14 വർഷം ജയിൽ ശിക്ഷയും നൽകാം.

(5) മറ്റുള്ളവർക്ക് ശല്യമാകത്തക്ക തരത്തിലുള്ള പരസ്യമായ ആഭാസ പ്രകടനം, തെറിപ്പാട്ട് ഇവയൊക്കെ മൂന്നു മാസത്തെ തടവും

പിഴയും നൽകാവുന്ന കുറ്റങ്ങളാണ്.

(6) സ്ത്രീയെ ആഭാസകരമായി ചിത്രീകരിക്കുന്നത് തടയുന്നതിന് 1986ലെ Indecent Representation of Women Prohibition Act വ്യവസ്ഥ ചെയ്യുന്നു. പരസ്യപ്പലകകൾ, പുസ്തകങ്ങൾ, ഫിലിമുകൾ എന്നിവയിൽ സാന്മാർഗ്ഗിക ബോധത്തിനു ക്ഷതമേൽപ്പിക്കുന്ന പരസ്യങ്ങൾ ചിത്രീകരിച്ചാൽ കുറ്റകൃത്യത്തിനു ഉപയോഗിച്ച വസ്തു അധികൃതർക്ക് പിടിച്ചെടുക്കാം. തുടർച്ചയായ നിയമലംഘനത്തിന് 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും നൽകാം.

ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1993 ഡിസംബറിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ അവസാനിപ്പിക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെക്കുറിച്ച് പ്രമേയത്തിന്റെ അവതാരികയിലെ ചില പ്രസ്താവനകൾ :

1. സമത്വം, സമാധാനം, വികസനം എന്നിവ കൈവരിക്കുന്നതിന് സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തടസ്സമാകുന്നു.

2. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ മാനുഷികവും മൗലികവുമായ സ്വാതന്ത്ര്യം അവർക്ക് നിഷേധിക്കുന്നു.

3. കാലാകാലമായി സ്ത്രീക്കും പുരുഷനും ഇടയിലുള്ള അസമത്വങ്ങളുടെ അധികാരപരമായ പ്രകടനമാണ് സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ. ഇത് പുരുഷാധിപത്യത്തിനും സ്ത്രീകളോടുള്ള വിവേചനത്തിനും കാരണമായി.

4. സ്ത്രീകളുടെ സ്ഥാനം സമൂഹത്തിൽ പുരുഷനേക്കാൾ താഴെ തട്ടിലാവാൻ (രണ്ടാം കിടപൗരൻ) ഒരു കാരണം സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങളാണ്.

5. ഇന്ത്യയിൽ

	റിപ്പോർട്ട് ചെയ്യപ്പെട്ടവ		വർദ്ധനവ് %
	1987	1991	
1. ബലാൽസംഗം	7767	9793	26.1
2. മാനഭംഗം	16292	20611	26.5
3. തട്ടിക്കൊണ്ടു പോകൽ	4016	12000	36.4
4. സ്ത്രീധന മരണങ്ങൾ	1912	5157	100.7

ഞെട്ടിപ്പിയ്ക്കുന്ന ചില വിവരങ്ങൾ - 1991 ലെ കണക്ക് വച്ച്.

- ഓരോ 54 മിനിറ്റിലും ബലാൽസംഗം നടക്കുന്നു.
- ഓരോ 26 മിനിറ്റിലും സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നു.
- ഓരോ 43 മിനിറ്റിലും സ്ത്രീകളെ തട്ടിക്കൊണ്ടു പോകുന്നു.
- ഓരോ 42 മിനിറ്റിലും ഒരു സ്ത്രീധന മരണം നടക്കുന്നു.
- ഓരോ 7 മിനിറ്റിലും സ്ത്രീകൾക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള അതിക്രമങ്ങൾ നടക്കുന്നു.

മദ്യവർജ്ജനവും സാമൂഹ്യ സുരക്ഷയും

1. **മണ്ണുരുക്കൽ** 30 മിനിറ്റ്

ഓരോരുത്തരും വിസ്തരിച്ച് പരിചയപ്പെടുന്നു. മദ്യപാനവുമായി ബന്ധപ്പെട്ട് അവർക്കുള്ള ഒരനുഭവം (സ്വന്തമൊ, സുഹൃത്തിന്റെയൊ, അയൽക്കാരുടേയൊ) തുറന്നു പറയണം. പ്രസക്തമായ പോയിന്റുകൾ ബോർഡിൽ എഴുതുന്നു. ബോർഡില്ലെങ്കിൽ കാർഡിൽ എഴുതി ഡിസ്പ്ലേ ചെയ്യുക.

മദ്യവർജ്ജനത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.

2. **വിവരണങ്ങൾ കൊടുക്കുന്നു.**

തയ്യാറാക്കിയ കുറിപ്പ് ഓരോ ഗ്രൂപ്പിലും നൽകുന്നു. (4-5 അംഗങ്ങൾ അടങ്ങുന്ന ഗ്രൂപ്പുകളാക്കുക) ഗ്രൂപ്പ് ചർച്ച നടക്കുന്നതിനിടയിൽ തയ്യാറാക്കിയ ചോദ്യങ്ങൾ നൽകുന്നു. ചോദ്യങ്ങളുടെ ഉത്തരം പരസ്പര ചർച്ചയിലൂടെ കണ്ടെത്തുന്നു. (15 മിനിറ്റ് സമയം)

എല്ലാവരും ഒന്നിച്ചിരിക്കുന്നു. ഓരോ ഗ്രൂപ്പും ചോദ്യത്തിന്റെ ഉത്തരം അവതരിപ്പിക്കുന്നു. (20 മിനിറ്റ്)

3. മദ്യനിരോധനത്തിനെതിരായ വാദമുഖങ്ങൾ അവതരിപ്പിക്കുക. തുടർന്ന് ചർച്ച നടക്കുന്നു. സംഘാംഗങ്ങൾ ഉന്നയിക്കുന്ന വാദങ്ങൾ ബോർഡിൽ എഴുതുന്നു. അല്ലെങ്കിൽ കുറിച്ചെടുക്കുക.

ഉദാഹരണമായി താഴെ പറയുന്ന പോയിന്റുകൾ വന്നേക്കാം.

1). സർക്കാരിന്റെ സാമ്പത്തിക നഷ്ടം(ചാർട്ടുകൾ കാണിക്കുക)

2). തൊഴിലില്ലായ്മ.

3). നിരോധനംകൊണ്ട് ഇല്ലാതാക്കാൻ കഴിയില്ല.

ഈ വാദമുഖങ്ങൾ ഓരോന്നും പ്രത്യേകം ചർച്ച ചെയ്യണം. കോർണർ കൈകാര്യം ചെയ്യുന്ന ആൾ ഈ വാദമുഖങ്ങളെ എങ്ങനെ ഖണ്ഡിക്കണം എന്ന് അവസാനത്തെ ഇടപെടലിലൂടെ ധരിപ്പിക്കണം (വിശദാംശങ്ങൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കണം.)

2 **തൊഴിലില്ലായ്മ.** - (മദ്യപാനാസക്തി കുറയുമ്പോൾ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിക്കും. അപ്പോൾ മറ്റൊരു തരത്തിൽ ഗവൺമെന്റിന് - വിൽപനനികുതി കിട്ടുന്നു. - തുടങ്ങിയ കാര്യങ്ങൾ) പന, തെങ്ങ് എന്നിവ ചെത്തി കിട്ടുന്നത് നീര് (ലഘുപാനീയം) ആക്കി മാറ്റാം, പനചക്കര, തെങ്ങിൻ ചക്കര എന്നിവയുണ്ടാക്കാം.

3) **നിരോധനം കൊണ്ട് ഇല്ലാതാക്കൽ.**

അമേരിക്കൻ പഴഞ്ചൊല്ല് ഇവിടെ പ്രസക്തമാണ്. '' മദ്യപൻ മദ്യ മുതലാളിയുടെ സൃഷ്ടിയാണ്. മദ്യമുതലാളി സർക്കാരിന്റെ സൃഷ്ടിയാണ്''.

(വിശദീകരണം.- അളവിനാണ് ലേലം നടക്കുക. തുകയ്ക്കല്ല. ഓരോ പ്രദേശത്തും ചെലവാകും എന്ന് കണക്കാക്കുന്ന മദ്യത്തി ന്റെ അളവാണ് മിനിമം ഗ്യാരണ്ടിയുടെ അളവും. ലേലം വിളി നട ക്കുമ്പോൾ MGQ കൂടുതലാണെന്ന് സർക്കാരും കുറവാണെന്ന് വരുത്താൻകോൺട്രാക്റ്ററും ശ്രമിക്കും. JRY, IRDP, DWCRA (Development of Women and Children in Rural Area) തുടങ്ങിയവ വഴി സർക്കാർ ചെലവാക്കുവാൻ പോകുന്ന തുകയൊക്കെപറഞ്ഞ് കോൺട്രാക്റ്റർമാരെ പ്രലോഭിപ്പിക്കുവാൻ ഉദ്യോഗസ്ഥർ വരെ ശ്രമിക്കും. ഏറ്റവും കുടുതൽ മദ്യം വിൽക്കാമെന്നു പറയുന്ന കോൺട്രാക്റ്റർക്ക് ലേലം ഉറപ്പിക്കാം. അതുകൊണ്ട് തന്നെ സർക്കാർ നിരോധനം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.)

മദ്യദുരന്തത്തെപ്പറ്റിയുള്ള ഒരു സംഭവവിവരണം (സംഭവങ്ങൾ വിവരിച്ച് 15 മിനിറ്റ് കഴിഞ്ഞ് ROLE PLAY അവതരിപ്പിക്കുക) (ഉദാഃ - കുട്ടികളുടെ അരക്ഷിതത്വം , കുടുംബ ഭദ്രതയില്ലായ്മ.... etc)

4). മദ്യത്തിനെതിരെ പ്രതികരിക്കൽ - 20 മിനിറ്റ് (വ്യക്തികളുടെ അഭിപ്രായം , നാടകരൂപത്തിൽ അവതരിപ്പിക്കുകയോ, പറയിപ്പിക്കു കയോ ചെയ്യുക)

പറയാവുന്ന പോയിന്റ് (വീടുകൾതോറും കയറിയുള്ള പ്രചാ രണം, ഒപ്പുശേഖരണം, പൊതുപ്രചാരണം, മാതൃസംഗമങ്ങളിലൂ ടെയുള്ള ബോധവൽക്കരണം etc)

നിലവിലുള്ള അനുകൂല സാഹചര്യങ്ങളുടെ വിശദീകരണം -

ഉദാഃ ജനകീയാസൂത്രണപ്രവർത്തനത്തിന്റെ താഴെ തട്ടിൽനിന്നുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിനെ സ്വാധീനിച്ച് സ്വന്തം പഞ്ചായത്തിൽ മദ്യം വേണ്ട എന്നുള്ള കൂട്ടായ തീരുമാനത്തിൽ എത്തുക - മദ്യപൻമാരെ ബഹിഷ്കരിക്കുന്ന അവസ്ഥയിലേക്ക് സമൂഹത്തിനെ ഉയർത്താനുള്ള നിരന്തരമായ ബോധ വൽക്കരണം

മദ്യപാനം ഇല്ലാത്ത ഒരു സമൂഹത്തിൽ

- കുറ്റകൃത്യങ്ങൾ കുറയുന്നു
- മദ്യപാനസംബന്ധമായ രോഗങ്ങൾ കുറയുന്നു.
- ജോലിദിവസങ്ങൾ വർദ്ധിക്കുന്നു.

- ഉൽപാദനം കൂടുന്നു.
- ജനങ്ങളുടെ വാങ്ങൽ കഴിവ് വർദ്ധിക്കുന്നു.
- വിൽപന നികുതി ഇനത്തിൽ സർക്കാരിന്റെ വരുമാനം വർദ്ധിക്കുന്നു.
- പൊതുവിൽ സ്ത്രീകളുടേയും കുട്ടികളുടെയും സാമൂഹ്യപദവി ഉയരുന്നു.

ചർച്ചക്കു കൊടുക്കാനുള്ള കുറിപ്പ്

ഈഥൈൽ ആൽക്കഹോൾ അടങ്ങിയതാണ് മദ്യം. തെങ്ങിൻ കള്ള്, പനങ്കള്ള്, കള്ളുചാരായം, ബിയർ, വിസ്കി, ബ്രാൻഡി തുടങ്ങി നിരവധി വൈവിധ്യങ്ങളിൽ മദ്യം ഇന്ന് മാർക്കറ്റിൽ ലഭ്യമാണ്. സർക്കാരിൽ നികുതി അടച്ച് സർക്കാർ അനുമതിയോടെ വിൽക്കുന്ന മദ്യം നിയമാനുസൃത മദ്യവും, സർക്കാരിന് നികുതി അടക്കാതെ വിൽക്കുന്ന മദ്യം അനധികൃത മദ്യവുമാണ്. ആരോഗ്യത്തിനും ആയുസ്സിനും പെട്ടെന്ന് ഹാനിവരുത്തുന്ന മദ്യമാണ് വിഷമദ്യം. ഇത് ചിലപ്പോൾ സർക്കാർ അംഗീകൃത ഷോപ്പിൽ നിന്നും കിട്ടുന്നതാകാം, ചിലപ്പോൾ കള്ളവാറ്റിൽ നിന്നുമാകാം.

100 % ശുദ്ധമായ ഈഥൈൽ ആൽക്കഹോളിൽ 50 % വെള്ളം ചേർത്തതാണ് ചാരായം. അതായത് ചാരായത്തിൽ ആൽക്കഹോളിന്റെ അംശം 50% ആയിരിക്കും. IMFL -ൽ 50 % താഴെ മാത്രമെ ആൽക്കഹോളിന്റെ അംശം ഉണ്ടായിരിക്കുകയുള്ളു. പെട്ടെന്ന് ലഹരി കിട്ടാൻ ഓരോതരത്തിലുമുള്ള മദ്യത്തിൽ ഓരോതരത്തിലുള്ള രാസ വസ്തുക്കൾ ചേർക്കുന്നു. അതുകൊണ്ടാണ് റം കുടിച്ചാൽ പെട്ടെന്നും ഷാംപെയിൻ കുടിച്ചാൽ സാവധാനത്തിലും ലഹരിയുണ്ടാകുന്നത്.

താഴെ പറയുന്ന അളവിലാണ് ഓരോ മദ്യത്തിലും ആൽക്കഹോളിന്റെ അംശം ഉള്ളത്.

1.	ലൈറ്റ് ബിയർ	-	1 - 3%
2.	സ്ട്രോങ്ങ് ബിയർ	-	4%
3.	ഷാംപെയിൻ	-	12 - 18%
4.	റം (വോഡ്ക)	-	45 - 50%
5.	ചാരായം	-	50%

ചാരായം നിർമ്മിക്കുന്നത് സ്വേദനം വഴിയാണ്. കള്ളാകട്ടെ, മരത്തിൽ നിന്ന് ചെത്തിയെടുക്കുന്നതും. ഇതാണ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം.

മദ്യം കഴിക്കുന്നതിന് പല കാരണങ്ങളും സാധാരണയായി പറഞ്ഞുകേൾക്കാറുണ്ട്. പ്രധാനമായി വിഷമം മറക്കാൻ, സുഖം തോന്നാൻ, സന്തോഷാവസരങ്ങൾ ആഘോഷിക്കാൻ, ധൈര്യം കിട്ടാൻ, ശരീരത്തിന് ബലം കിട്ടാൻ, തണുപ്പകറ്റാൻ, സർഗ്ഗാത്മകമായ കഴിവുകൾ വളർത്താൻ. ചിലസ്ഥലങ്ങളിൽ വിവാഹം, മരണം തുടങ്ങിയ ചടങ്ങുകളുമായി ബന്ധപ്പെട്ട് പാനോത്സവം നടത്തുന്നു. (ഇതൊരു മതപരമായ ചടങ്ങാണെന്നാണ് വ്യാഖ്യാനം).

മദ്യം മനുഷ്യശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. പ്രധാനമായി ഇവയെ ഹൃസ്വകാല മാറ്റങ്ങൾ എന്നും ദീർഘകാലമാറ്റങ്ങൾ എന്നും രണ്ടായി തിരിക്കാം.

ചാരായം കുടിക്കുമ്പോൾ തന്നെ ദേഹം അതിനെ ആഗിരണം ചെയ്ത് തുടങ്ങുന്നു. ലോകം കറങ്ങുന്നതായി തോന്നുന്നു. ശബ്ദം ഇഴഞ്ഞുതുടങ്ങും. രക്തത്തിൽ ചാരായത്തിന്റെ അളവ് (ബ്ലഡ് ലെവൽ ഓഫ് ആൽക്കഹോൾ B.L.A.)വളരെ കൂടുമ്പോൾ ബോധം കെട്ടുവീഴും. പിന്നീട് കുടിക്കാൻ കഴിയില്ല. ഇതാണ് ഹൃസ്വകാല ഫലം.

ആത്മവിശ്വാസം കുറഞ്ഞുവരുന്നു, കരൾരോഗം, അൾസർ (വയറ്റിൽ പുണ്ണ്), ഹൃദയവീക്കം ഇവ ഉണ്ടാകുകയും ആരോഗ്യം നശിക്കുകയും ചെയ്യുന്നു. ആത്മവിശ്വാസകുറവിന്റെ ഭാഗമായി മാനസികരോഗങ്ങൾ (Depression,സംശയരോഗം) ഉണ്ടാകുന്നു. കാൻസർ, രക്തസമ്മർദ്ദം, ഹൃദ്രോഗം എന്നിവ ഉണ്ടാകാനുള്ള സാധ്യത കൂടുന്നു. ഗർഭിണികൾ മദ്യപിച്ചാൽ കുഞ്ഞിന്റെ ഭാരം കുറയുകയും, മരണമടയുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്.

മദ്യലഹരി മൂത്ത് അസ്വാഭാവികമായി പെരുമാറുമ്പോൾ നാം ഒരാളെ മദ്യപാനി എന്നുപറയുന്നു. എന്നാൽ മദ്യത്തിനടിമപ്പെട്ടവൻ എന്നു പറയുന്നത്, വെറും അസ്വാഭാവികപെരുമാറ്റത്തിനു പുറമെ , ശരീരവ്യത്തിതന്നെ അസ്വാഭാവികമായി മാറുമ്പോഴാണ്. ഉദാഹരണമായി മദ്യംകഴിച്ചില്ലെങ്കിൽ ദേഹത്തിന് അസ്വസ്ഥത, വിറയൽ എന്നിവയുണ്ടാകുന്നു.

ആദ്യവിഭാഗത്തിൽ പെട്ടവരെ മദ്യപാനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ബോധവല്ക്കരണത്തിലൂടെയും മറ്റും കഴിയും. എന്നാൽ രണ്ടാമതു പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സ ആവശ്യമാണ്. ഡോക്ടറുടെ മേൽ നോട്ടത്തിലുള്ള ചികിത്സയും, രോഗിയുടെ സഹകരണവും, വീട്ടുകാരുടെ ശുശ്രൂഷയും എല്ലാറ്റിനുമുപരി സാമൂഹ്യസമ്മർദ്ദവും ചേർന്നുള്ള പ്രവർത്തനത്തിലൂടെയേ വിജയം കണ്ടെത്താനാകൂ. എങ്കിലും 80 % ആണ് വിജയസാദ്ധ്യത.

സർക്കാർ അനുവാദത്തോടുകൂടിയുള്ള മദ്യവില്പനക്ക് നികുതി പിരിക്കുന്ന വകുപ്പാണ് എക്സൈസ്. മദ്യം തീരെ വിൽക്കേണ്ടെന്ന് സർക്കാരിന് തീരുമാനിക്കാം. ഇതാണ് മദ്യനിരോധനം.

സംസ്ഥാനം മുഴുവനും വിവിധ മേഖലകളായി തിരിക്കുന്നു. ഇതാണ് അബ്കാരി ഏരിയ. ഓരോ അബ്കാരി പ്രദേശത്തേക്കും പ്രത്യേകമായാണ് ലേലം നടക്കുന്നത്. ഓരോ അബ്കാരി പ്രദേശത്തും ചെലവാകും എന്നു കണക്കാക്കുന്ന മദ്യത്തിന്റെ അളവാണ് മിനിമം ഗാരണ്ടീസ് കാണ്ടിറ്റി.(MGQ) അതതു പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് MGQ സർക്കാർ നിശ്ചയിക്കും.അത്രയും ചാരായം അവിടെ എത്തിക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. ലേലം വിളി നടക്കുമ്പോൾ MGQ കൂടുതലാണെന്നു വരുത്താൻ സർക്കാരും കുറവാണെന്നു വരുത്താൻ കോൺട്രാക്ടറും ശ്രമിക്കുന്നു. അവിടെ DOWCRA, JRY, IRDP തുടങ്ങിയ Welfare Programme വഴി സർക്കാർ ചെലവാക്കാൻ പോകുന്ന സംഖ്യയൊക്കെ പറഞ്ഞ് കോൺട്രാക്ടറെ പ്രലോഭിപ്പിക്കാൻ ഉദ്യോഗസ്ഥന്മാരെപ്പോലും ഉപയോഗിക്കും. ഏറ്റവും കൂടുതൽ മദ്യം വിൽക്കാമെന്ന് പറയുന്ന കോൺട്രാക്ടർക്ക് ലേലം ഉറപ്പിക്കും. മദ്യത്തിന്റെ അളവാണ്, വിലയല്ല ലേലം ചെയ്യുന്നത്. വില നിശ്ചിതമാണ്.

സർക്കാരിന്റെ Welfare Programmes - JRY ,ഡോക്ര, IRDP -- മുതലായവയുള്ള പ്രദേശങ്ങളിൽ മദ്യത്തിന്റെ ഉപഭോഗം കൂടുതലാണ്. പലപ്പോഴും കണക്കിൽ കാണുന്നതിനേക്കാൾ കൂടുതലായിരിക്കും MGQ .ഇതിനുപുറമെയാണ് വ്യാജച്ചാരായം. ബീഹാറിൽ നടത്തിയ ഒരു പഠനം കാണിക്കുന്നത് ചാരായനിരോധനം ഉള്ള സ്ഥലത്ത് വ്യാജചാരായം കുറവാണ് എന്നാണ്.

മദ്യം ലഭ്യമാക്കുന്ന അന്തരീക്ഷമാണ് യഥാർത്ഥകുറ്റവാളി; വ്യക്തിയല്ല എന്ന് മഹാത്മഗാന്ധി പറഞ്ഞിട്ടുണ്ട്. മദ്യപാനം ഒരു വ്യക്തിപരമായ പ്രശ്നമല്ല ; സാമൂഹ്യപ്രശ്നമാണ്.

ചോദ്യങ്ങൾ.

1. എന്താണ് മദ്യം?
2. മാർക്കറ്റിൽ കിട്ടുന്ന വിവിധ മദ്യങ്ങളുടെ പേർ
3. നിയമാനുസൃതമദ്യം, നിയമവിരുദ്ധമദ്യം, വിഷമദ്യം ഇവയെ വിശദീകരിക്കുക.
4. കള്ള്, ചാരായം , IMFL ഇവ തമ്മിലുള്ള വ്യത്യാസം എന്ത്?
5. എന്തിനാണ് ഒരാൾ കുടിക്കുന്നത്?
6. മദ്യം ശരീരത്തിലുളവാക്കുന്ന ഹ്രസ്വകാലവും, ദീർഘകാലവുമായ പ്രത്യാഘാതങ്ങൾ ഏവ?

7. മദ്യപാനി, മദ്യത്തിനടിമ ഇവ തമ്മിലുള്ള വ്യത്യാസം അറിയാമോ?
8. മദ്യത്തിനടിമയായവനെ ഈ ശീലത്തിൽ നിന്ന് രക്ഷിക്കാൻ കഴിയുമോ? എങ്ങനെ?
9. മദ്യത്തിന്റെ സാമൂഹ്യപ്രത്യാഘാതങ്ങൾ?
10. എക്സൈ , മദ്യനിരോധനം ഇവ വിശദീകരിക്കാമോ?
11. അബ്കാരി ഏരിയ, മിനിമം ഗാരണ്ടീസ് കച്ചവടം ഇവ എന്താണ് ?
12. മദ്യലേലത്തെക്കുറിച്ച് എന്തറിയാം?
13. മദ്യത്തിന്റെ സാമൂഹ്യപ്രത്യാഘാതങ്ങൾ ചർച്ചചെയ്യുക.?

പദ്ധതി നിർവ്വഹണവും വനിതകളും

- 3 മണിക്കൂർ

പ്രവർത്തനം -1 *20 മിനിറ്റ്*

പരിചയപ്പെടൽ - സ്വന്തം പഞ്ചായത്തിനെക്കുറിച്ച് എല്ലാവരും കടലാസ്സിൽ എഴുതുന്നു. പഞ്ചായത്തിന്റെ പേര്, വാർഡുകൾ, വനിതാ മെമ്പർമാർ, ഗ്രാമസഭ, പൊതുസ്ഥാപനങ്ങൾ, ഗ്രാമത്തിലെ പ്രശ്നങ്ങൾ ഇവ ഉൾപ്പെടുത്തണം. എഴുതിയത് ചാർട്ടിൽ ഒട്ടിച്ച് പ്രദർശിപ്പിക്കുന്നു.

പ്രവർത്തനം - 2 : ചർച്ച *1 മണിക്കൂർ*

1. എന്താണ് ജനകീയാസൂത്രണം
2. അതിൽ നിങ്ങൾ വഹിച്ച പങ്കെന്ത് ?
3. ഇപ്പോൾ ജനകീയാസൂത്രണം ഏതു ഘട്ടത്തിലെത്തി നിൽക്കുന്നു.

മൂല നയിക്കുന്നയാൾ ചർച്ച ക്രോഡീകരിച്ചുകൊണ്ട് സംസാരിക്കണം.

പ്രവർത്തനം - 3 *20 മിനിറ്റ്*

മൊത്തം അംഗങ്ങളെ 3-ായി തിരിക്കുക. ഒന്നാം ഗ്രൂപ്പ് 73-74 ഭരണഘടനാ ഭേദഗതിക്കു മുൻപുള്ള പഞ്ചായത്ത് കമ്മറ്റിയും അതിനുശേഷമുള്ള പഞ്ചായത്ത് കമ്മറ്റിയും അവതരിപ്പിക്കുന്നു. (വനിതാ പ്രാതിനിധ്യം കൂടുന്നു; 33.3%)

രണ്ടാം ഗ്രൂപ്പ് - പഞ്ചായത്ത് കമ്മറ്റി കൂടുന്നു. ജനകീയാസൂത്രണത്തിനുശേഷംമുള്ള മുൻഗണനാക്രമത്തിൽ പരിഗണന ലഭിക്കാത്തതുകൊണ്ടും വനിതകൾക്ക് പ്രയോജനമുള്ള പ്രോജക്റ്റാണെന്നു ബോധ്യപ്പെട്ടതുകൊണ്ടും ജനങ്ങളുടെ പിന്തുണയോടുകൂടി പ്രശ്നം പരിഹരിക്കുന്നു.

മൂന്നാം ഗ്രൂപ്പ്, 75- 74 ഭരണഘടനാ ഭേദഗതിയും ജനകീയാസൂത്രണവും വരുന്നതിനു മുമ്പ് പദ്ധതി നടപ്പിലാക്കിയിരുന്ന രീതി. ഇപ്പോഴത്തെ രീതി.

പ്രവർത്തനം - 4 *30 മിനിറ്റ്*

വിവിധ വികസന പ്രവർത്തനങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു. മുൻഗണനാക്രമത്തിൽ എഴുതുവാൻ ആവശ്യപ്പെടുന്നു. വനിതകളുടെ വീക്ഷണത്തിൽ ഏതു വിഷയത്തിലാണ് മുൻഗണന

എന്നു ശ്രദ്ധിക്കുക. (കുടിവെള്ളം, ആരോഗ്യം, പാർപ്പിടം, വിദ്യാഭ്യാസം ...) ഇത് ചർച്ചാവിഷയമാക്കുക. ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക അവർക്ക് അർഹമായ പരിഗണന ഉറപ്പാക്കുക എന്നതാണ്. സ്ത്രീകളുടെ സാമൂഹ്യ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും പുരുഷന്മാരോടൊപ്പം നിന്ന് കൂട്ടായ പ്രവർത്തനം വിപുലപ്പെടുത്താനും സഹായകമായി. കുറേശ്ശെയെങ്കിലും സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താനും കഴിഞ്ഞു. അവസരങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്ന പക്ഷം കേരളത്തിന്റെ വികസന സാമൂഹ്യ മണ്ഡലങ്ങളിൽ ഗുണപരമായ പലമാറ്റത്തിനും ഈ പ്രവർത്തനങ്ങൾ ഇടയാക്കും എന്നതിൽ സംശയമില്ല.

പ്രവർത്തനം - 5 *40 മിനിറ്റ്*

പങ്കാളികൾക്ക് 2 മാതൃകാ പ്രോജക്റ്റുകൾ നൽകുന്നു.

(1) സ്ത്രീകൾക്കു മാത്രമായിട്ടുള്ളത് (2) പൊതു പ്രോജക്റ്റ്

രണ്ടും താരതമ്യം ചെയ്യുന്നു. രണ്ടിലും സ്ത്രീകളുടെ Empowermentനെ സഹായിക്കുന്ന അനുകൂല ഘടകങ്ങൾ ഏതെന്ന് തിരിച്ചറിയാൻ ആവശ്യപ്പെടുക. രണ്ടിന്റേയും നിർവ്വഹണത്തിൽ സ്ത്രീകൾക്ക് എങ്ങിനെ ഇടപെടാൻ കഴിയും - ചർച്ച

ചർച്ചയിൽ

- അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത
- അയൽക്കൂട്ടത്തിന്റെ സാധ്യതകൾ
- വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കൽ
- വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ രംഗങ്ങളിൽ ഫലപ്രദമായ ഇടപെടൽ.
- മുന്നേറ്റം

അയൽക്കൂട്ടം

സംഘടനാപരവും സൈദ്ധാന്തികമായ പ്രാധാന്യം .

' അയൽക്കൂട്ട ' ങ്ങൾക്ക് സംഘടനാപരമായി ഒട്ടേറെ ധർമ്മങ്ങളുണ്ട്; സൈദ്ധാന്തികമായ പ്രാധാന്യവുമുണ്ട്. സമൂഹത്തിലെ നിർമ്മാണ-സേവനപ്രവർത്തനങ്ങളിൽ പലതും അത്യന്തം സൂക്ഷ്മമായ തലത്തിലാണ് നടക്കുന്നത്. പഞ്ചായത്തിനോ വാർഡുമെമ്പർക്കുപോലുമോ അവയുടെ ദൈനംദിന വിശദാംശങ്ങളിലേക്ക് ഇറങ്ങിചെല്ലാൻ കഴിയില്ല. പ്രായോഗികമായി അവയെല്ലാം വിജയിക്കണമെങ്കിൽ അതിസൂക്ഷ്മ തല സംവിധാനങ്ങൾ വേണം. അവയാണ്

അയൽക്കൂട്ടങ്ങൾ. ചിലരംഗങ്ങളിൽ അയൽക്കൂട്ടങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ഒന്നു പരിശോധിച്ചുനോക്കാം.

വിദ്യാഭ്യാസം.

* എല്ലാകുട്ടികളും സ്കൂളിൽ പോകുന്നുവെന്നത് ഉറപ്പു വരുത്തുക.
* എല്ലാ കുട്ടികളും അഭിലഷണീയ പഠനനിലവാരം കൈവരിക്കുന്നു എന്ന് ഉറപ്പാക്കുക - ആവശ്യമായ അനുപൂരക അദ്ധ്യാപനം നടത്തുക. വീട്ടിൽ പഠനാന്തരീക്ഷമില്ലാത്ത കുട്ടികൾക്ക് കൂട്ടായി പഠിക്കാൻ സൗകര്യമുണ്ടാക്കുക.
* മാതൃസംഘങ്ങളിലും അധ്യാപക - രക്ഷാകർതൃസമിതിയിലും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയിലും പ്രവർത്തിക്കുക.
* വിദ്യാഭ്യാസത്തിനാവശ്യമായി വേണ്ടിവരുന്ന സൂക്ഷ്മതല വിവരങ്ങൾ ശേഖരിച്ചുകൊടുക്കുക.
* സ്കൂളിലെ ഉച്ചഭക്ഷണത്തിനു വേണ്ട സഹായങ്ങൾ ചെയ്യുക.
* വിഭവ സമാഹരണത്തിൽ സഹായിക്കുക.

പരിസരശുചിത്വം

സമ്പൂർണ്ണ പരിസര ശുചിത്വം - ഈച്ച, കൊതുക് നിർമാർജനം.

* അയൽക്കൂട്ട തട്ടകത്തിൽ വീട്ടുവളപ്പിലോ പൊതുസ്ഥലങ്ങളിലോ, ചപ്പുചവറുകൾ ഇടുകയോ ഒഴുകുകയോ ഇല്ലെന്ന് ഉറപ്പുവരുത്തുക. തുടർച്ചയായ മോണിറ്ററിംഗ്.
* ഓരോ വീട്ടുകാരും സ്വന്തം വീട്ടിലെ മലിനജലം നീർക്കുഴിയിലേക്കോ, ഓടയിലേക്കോ ഒഴുക്കുക. എവിടെയും വെള്ളം കെട്ടികിടക്കുന്നല്ലെന്ന് ഉറപ്പു വരുത്തുക.
* പൊതു കാനകളിൽ വെള്ളം തടസ്സമില്ലാതെ ഒഴുകുണ്ടെന്നുറപ്പുവരുത്തുക.തടസ്സങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യുക.
* പൊതു കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കുക, കമ്പോസ്റ്റിങ്ങ് നടത്തുക.
* വേണ്ടിടങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക.

കുടിവെള്ളം

* സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുക.
* ഒരു തുള്ളി വെള്ളം പോലും വെറുതെ പോകുന്നില്ലെന്ന് ഉറപ്പുവരുത്തുക.

* പരിമിതമായ ലഭ്യത നീതിപൂർവ്വം വിതരണം ചെയ്യുക.
* സ്വന്തമായ ജലവിതരണ സംവിധാനങ്ങൾ നിർമ്മിക്കുകയും നടത്തികൊണ്ടു പോവുകയും ചെയ്യുക.

ആരോഗ്യം

* ഹെൽത്ത് അസിസ്റ്റന്റുമാരുടെ ജോലിയിൽ സഹായിക്കുക.
* ജനനമരണങ്ങൾ റിപ്പോർട്ടുചെയ്യുക.
* പകർച്ചവ്യാധികൾ റിപ്പോർട്ടുചെയ്യുക - തടയൽ പ്രവർത്തനങ്ങളിൽ സഹായിക്കുക.
* എല്ലാ കുട്ടികൾക്കും വേണ്ടതോതിൽ പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയതായി ഉറപ്പുവരുത്തുക.
* പെൺകുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യം മോണിറ്റർ ചെയ്യുക.-കുപോഷണം ഇല്ലെന്ന് ഉറപ്പുവരുത്തുക.
* പ്രസവങ്ങൾ മോണിറ്റർ ചെയ്യുക, ജനനസമയത്തെ തൂക്കം നോക്കുക.
* കുട്ടികളുടെ കുപോഷണം മോണിറ്റർ ചെയ്യുക, നിർമ്മാർജന പരിപാടികളുടെ ആസുത്രണം മോണിറ്റർ ചെയ്യുക.
* PHC യുടെ നടത്തിപ്പിനെ സഹായിക്കുക.

വൈദ്യുതി

* മോഷണം തടയുക.
* ദുർവ്യയം ഇല്ലെന്ന് ഉറപ്പുവരുത്തുക.
* മരച്ചില്ലകളും മറ്റും വളർന്ന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
* തെരുവ് വിളക്ക് കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
* പീക്ക് ലോഡ് സമയത്ത് ഓഫാക്കേണ്ടുന്ന ഉപകരണങ്ങൾ എല്ലാ വീടുകളിലും ഓഫാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

റോഡുകൾ

* തങ്ങളുടെ തട്ടകത്തുള്ള റോഡുകൾ നല്ല നിലയിൽ സൂക്ഷിക്കുക. ആരും അത് കേടുവരുത്താതെ നോക്കുക.
* റോഡുകൾ വൃത്തിയാക്കുക.
* ഓടകൾ അടയുന്നില്ലെന്ന് ഉറപ്പുവരുത്തുക.

* ഉപരിതലം കേടുവരുമ്പോൾ ഉടനെ റിപ്പയർ ചെയ്യുക.
* പുതിയ റോഡുണ്ടാക്കുമ്പോൾ എല്ലാ നിർദ്ദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
* പാലം, കെട്ടിടം, മുതലായവയുടെ കാര്യത്തിലും.

സംസ്കാരം

* വായനശാലകളെ സജീവമാക്കുക- വായനക്കൂട്ടങ്ങൾ ഉണ്ടാക്കുക.
* സമൂഹവായന, ചുമർപത്രം.
* കലാപരിപാടികൾ
* പിക്നിക്കുകൾ

വനിതാവികസനം

* സ്ത്രീകളുടെ പ്രത്യേക പ്രയാസങ്ങൾ പഠിക്കുക.
* ആർത്തവാരംഭ - വിരാമ പ്രശ്നങ്ങൾ.
* പോഷണം
* സ്ത്രീകൾക്കെതിരായ അക്രമങ്ങൾ.
* സ്ത്രീധന പീഡനങ്ങൾ.
* സ്ത്രീകൾക്കു വൈദഗ്ധ്യങ്ങൾ : സൈക്ലിംഗ്, വാഹനങ്ങൾ ഓടിക്കൽ ഇത്യാദി.
* സ്ത്രീകളുടെ വായനക്കൂട്ടങ്ങൾ, ചർച്ചാവേദി.
* വരുമാനം ഉണ്ടാക്കാവുന്ന പ്രവർത്തനങ്ങൾ.

ദാരിദ്ര്യ നിർമ്മാർജ്ജനം

* സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവരെ കണ്ടു പിടിക്കുക. അവർക്കുള്ള സഹായങ്ങൾ അവർക്കു തന്നെ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
* ഈ സഹായങ്ങൾ അവരെ സ്വന്തം കാലിൽ നിൽക്കാനും വളരാനും സഹായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
* പഞ്ചായത്ത് / വാർഡ് തലങ്ങളിൽ ഏറ്റവും ദരിദ്രരായവരുടെ സർവസമ്മതമായ ഒരു ഗ്രഡേഷൻ ലിസ്റ്റുണ്ടാക്കാൻ സഹായിക്കുക.

അന്യോന്യം

സമയം - 2 മണിക്കൂർ.

ഉദ്ദേശ്യം

സ്ത്രീകൾക്ക് അഭിപ്രായങ്ങൾ തുറന്നു പ്രകടിപ്പിക്കാനുള്ള അവസരം നൽകുക, ആശയവിനിമയത്തിനുള്ള കഴിവ് പരിശോധിക്കുക.

പ്രവർത്തനം 1

പരിചയപ്പെടൽ - വിശദമായി പരിചയപ്പെടുന്നു 45 മിനിറ്റ്

പ്രവർത്തനം 2

അതിനുശേഷം നറുക്കെടുക്കുന്നു. നറുക്കു കിട്ടുന്ന ആൾ ഇഷ്ടമുള്ള വിഷയത്തെക്കുറിച്ച് സംസാരിക്കുന്നു. ബാക്കിയുള്ളവർ അതിനെ കുറിച്ച് സ്വന്തം അഭിപ്രായം പറയുന്നു. ഒരാൾ ചർച്ച ഉപസംഹരിച്ചുകൊണ്ട് ചർച്ചയിൽ വന്ന പ്രധാന വസ്തുതകൾ അവതരിപ്പിക്കുന്നു.

15 മിനിട്ട്

ഒരാൾക്ക് സംസാരിക്കാനുള്ള സമയം കോർണർ നിയന്ത്രിക്കുന്നയാൾ മുൻകൂട്ടി പറയണം. എല്ലാവരും ചർച്ചയിൽ പങ്കെടുത്തു എന്ന് ഉറപ്പുവരുത്തുകയും വേണം.

സർഗ്ഗപ്രതിഭ

ഈ മൂലയിൽ പങ്കെടുക്കുന്ന എല്ലാവർക്കും സ്വന്തം കഴിവിനനുസരിച്ച് ചിത്രരചന, കഥ, കവിത, ലേഖനം, കൊളാഷ് എന്നിവ ചെയ്യാം. ഇവയ്ക്കാവശ്യമായ വസ്തുക്കൾ ശേഖരിച്ചിരിക്കണം. സർഗ്ഗസൃഷ്ടികൾ വിജ്ഞനോത്സവ സമാപനസ്ഥലത്ത് പ്രദർശിപ്പിക്കണം.

വായനോത്സവം

സമ്പൂർണ്ണ സാക്ഷര പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട കേരള സംസ്ഥാനം, സ്ത്രീ സാക്ഷരതയുടേയും സ്ത്രീ വിദ്യാഭ്യാസത്തിന്റേയും കാര്യത്തിൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച്, അതിശയിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള സംസ്ഥാനമാണല്ലോ. ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ നേട്ടങ്ങൾക്ക് അനുപൂരകമായ വിധത്തിൽ പത്ര-ആനുകാലികങ്ങളുടെ പ്രസിദ്ധീകരണത്തന്റേയും പ്രചാരത്തിന്റേയും കാര്യത്തിലും നാം ഏറെ മുന്നിൽ നിൽക്കുന്നു. വാരികകളുടെ പ്രചാരം ഏറ്റവും കൂടുതൽ കേരളത്തിലാണ്. ഇന്ത്യയിൽ ഏറ്റവുമധികം വായിക്കപെടുന്നത് മലയാള പത്രങ്ങളാണ്. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും ഗൗരവമായ വായനയുടെ കാര്യത്തിൽ നാം എവിടെ നിൽക്കുന്നു ? ദൃശ്യമാധ്യമങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നമ്മുടെ വായനയുമായി ബന്ധപ്പെട്ട ശീലങ്ങളും ശീലുകളും മാറിപ്പോയിട്ടില്ലേ? ഇന്ന് ഏറെ പ്രസക്തമാവുന്ന ഈ ചോദ്യങ്ങളുടേയും അവക്കു കണ്ടെത്താവുന്ന ഉത്തരങ്ങളുടേയും അടിസ്ഥാനത്തിലാണ് ശാസ്ത്രസാഹിത്യ പരിഷത്ത് ''വായനോത്സവം'' വിഭാവനം ചെയ്തിട്ടുള്ളത്.

സ്ത്രീ സാക്ഷരത തന്നെ 85% ൽ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഗ്രന്ഥശാലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു സർവ്വേയിൽ കേരളത്തിലാകമാനം 41% മാത്രമേ വായനയിൽ താൽപ്പര്യം കാണിക്കുന്നുള്ളൂ. അതിൽ തന്നെ ഭൂരിപക്ഷം പേരും സമയം കൊല്ലാനുള്ള ഒരു ഉപാധി മാത്രമായാണ് വായനയെ കാണുന്നത്. വായനയിലൂടെ സ്വന്തം അറിവിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുവാനും, തദ്വാരാ സ്വജീവിതത്തിലും സമൂഹത്തിന്റെ ജീവിതത്തിലും ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ വായനയെ ഉപയോഗിക്കുവാനും ചുരുക്കം ചിലർ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. ഈ അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ നല്ല പുസ്തകങ്ങൾ തെരെഞ്ഞെടുത്തു വായിക്കാനുള്ള ശീലം വളർത്തുക, വായിച്ചവ കൂട്ടായ ചർച്ചക്കു വിധേയമാക്കാനുള്ള സംവിധാനമുണ്ടാക്കുക, വായിച്ചുനേടുന്ന അറിവ് പ്രായോഗികതലത്തിലേക്ക് കൊണ്ടുവരാനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി, വിശേഷിച്ചും സ്ത്രീകളെ മുന്നിൽ കണ്ടു കൊണ്ടുമാണ് വായനോത്സവങ്ങൾ ആസൂത്രണം ചെയ്യുന്നത്.

സ്ത്രീകൾക്കിടയിൽ വായന കുറഞ്ഞിരിക്കുന്നതിന് ഒരുപാട് കാരണങ്ങളുണ്ട്. കുടുംബപരമായ ചുമതലകൾ മൂലമുള്ള സമയക്കുറവ്, വായനശാലകളിലും മറ്റും ഒറ്റയ്ക്കു പോയി വായിക്കുന്നതിന് കഴിയാത്ത ഒരു സാമൂഹ്യപരിതഃസ്ഥിതി ഇവയൊക്കെ ഈ കാരണങ്ങളിൽ ചിലതു മാത്രമാണ്.

സാമൂഹ്യമായ വിലക്കുകളുടെ പശ്ചാത്തലത്തിൽ പുരുഷനെ അപേക്ഷിച്ച് സഞ്ചാരസ്വാതന്ത്ര്യവും ചലനാത്മകതയും സ്ത്രീക്ക് കുറവായിരിക്കുന്ന സാഹചര്യത്തിൽ ഈ പരിമിതിയെ മറികടക്കാൻ സ്ത്രീക്ക് സമർത്ഥമായി ഉപയോഗിക്കാൻ കഴിയുന്ന ഒരു മാർഗ്ഗമാണ് വായന. സാമൂഹ്യാനുഭവങ്ങളെ അറിയുവാനും വിജ്ഞാനത്തിന്റെ വിശാല ചക്രവാളങ്ങളിലേക്കുള്ള വാതായനങ്ങൾ തുറന്നിടുവാനും അതുവഴി കാര്യപ്രാപ്തി വർദ്ധിപ്പിക്കുവാനും സ്ത്രീയെ വായന സഹായിക്കും.

വായന വിജ്ഞാന പ്രദമാണെന്ന് മാത്രമല്ല, അത് ഒരു അനുഭൂതി കൂടിയാണ്. നല്ല പുസ്തകങ്ങളുടെ വായന ആനന്ദപ്രദമാണ്. നല്ല കഥയും പാട്ടും കേൾക്കുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന ആഹ്ലാദത്തിനു തുല്യമാണത്. കഥകേൾക്കുവാൻ കുട്ടികൾക്കുള്ള വ്യഗ്രതപോലെ, ഭാവനയുടെ തലങ്ങൾ വികസിപ്പിക്കാൻ മുതിർന്നവർക്കും താല്പര്യമുണ്ടാകും. ആശയവ്യക്തതയോടെയും ഭാവസാന്ദ്രതയോടെയുമുള്ള വായന, ഈ ആവശ്യം നിറവേറ്റും.

എന്നാൽ മേല്പറഞ്ഞ തരത്തെ തൃപ്തിപ്പെടുത്തുവാൻ ഇന്ന് വായനയേക്കാളേറെ സാക്ഷരകേരളം ആശ്രയിക്കുന്നത് ദൃശ്യമാധ്യമങ്ങളേയാണ് എന്നതാണ് ഇപ്പോൾ നാം നേരിടുന്ന ഒരു സാംസ്കാരിക പ്രശ്നം. വായന, ഭാവനയുടെ അനന്തസാധ്യതകൾ കണ്ടെടുക്കുന്നുവെങ്കിൽ, ദൃശ്യമാധ്യമങ്ങൾ അതിനെ പരിമിതപ്പെടുത്തുകയും ഏകമുഖമാക്കി തീർക്കുകയുമാണ് ചെയ്യുക. ഒരു ചതുരത്തിന്റെ ചട്ടക്കൂടിനകത്ത് ഭാവനയെ ഒതുക്കിനിർത്തുകയും വൈവിധ്യങ്ങളുടെ സാധ്യതകളെ ഇല്ലാതാക്കുകയും ചെയ്യുന്ന ടെലിവിഷൻ, എല്ലാ പ്രേക്ഷകർക്കും ഒരേ അച്ചിൽ വാർത്ത വ്യാഖ്യാനമാണ് നൽകുന്നത്. ഉദാഃ പാഞ്ചാലിയെക്കുറിച്ചുള്ള നമ്മുടെ എല്ലാവരുടേയും സങ്കൽപം രൂപാഗാംഗുലിയുടേതാകുന്നു. വായനയിലൂടെയുണ്ടാകുന്ന ആനന്ദം ഒരിക്കലും ടെലിവിഷന് നൽകാൻ കഴിയില്ല. ടെലിവിഷൻ, വായനയുടെ സ്വാതന്ത്ര്യം അനുവദിക്കുന്നില്ല. വാർപ്പുമാതൃകാരൂപത്തിലുള്ള (Stereo typed) അനുഭവങ്ങൾ മാത്രം പ്രദാനം ചെയ്യുന്ന ടെലിവിഷൻ

പരമ്പരകളുടേയും പൈങ്കിളിവാരികകളിലെ തുടർനോവലുകളുടേയും പിടിയിൽനിന്ന് നാം മോചിതരാകാൻ ശ്രമിക്കേണ്ടകാലമായിരിക്കുന്നു.ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ പരിവർത്തനങ്ങൾക്കും വിത്തു പാകിയിട്ടുള്ളത് പുസ്തകങ്ങളാണ്; വായനയാണ്. എന്നാൽ എന്ത് വായിക്കണം ? എങ്ങനെ വായിക്കണം? എന്ന് ലക്ഷ്യബോധമുള്ള സമീപനമുണ്ടായെങ്കിലേ വായന അർത്ഥവത്താവുകയുള്ളൂ. വിവേചനബുദ്ധിയോടെയുള്ള വായനയും വരികൾക്കിടയിലൂടെയുള്ള വായനയും സ്ത്രീകളെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ്. വായിച്ചറിയുന്ന വസ്തുതകളെ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് വിലയിരുത്തുവാനുള്ള ശ്രമങ്ങളും ഉണ്ടാവണം. അതിന് കൂട്ടായ വായന സഹായകരമായിരിക്കും.

പുതിയ് സാഹചര്യത്തിൽ, ജനകീയാസൂത്രണവും മറ്റും സൃഷ്ടിക്കുന്ന അനുകൂല പരിതഃസ്ഥിതിയിൽ, ഗ്രാമതലത്തിലും പ്രാദേശികമായും സ്ത്രീകളുടെ കൂട്ടായ്മക്ക് സാധ്യതകളുണ്ട്. വികസന സെമിനാറുകളിൽ സ്ത്രീകളുടെ വായനയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ചൂണ്ടിക്കാട്ടപ്പെടുകയുണ്ടായിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്കായുള്ള വായനശാലകളും വനിതാവായനശാലകളും ആരംഭിക്കുന്നതിന് പഞ്ചായത്തുകളെ നിർബന്ധിക്കാൻ ഇച്ഛാശക്തിയുള്ള സ്ത്രീകൂട്ടായ്മക്ക് കഴിയും. നിലവിലുള്ള ലൈബ്രറികളിൽ സ്ത്രീകളുടെ സൗകര്യങ്ങളെ കൂടി കണക്കിലെടുത്ത് പ്രവർത്തനസമയത്തിലും മറ്റും മാറ്റങ്ങൾ വരുത്താനും പ്രവർത്തനരീതി പുനഃക്രമീകരിക്കാനും കഴിയണം.

ഈ ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഒരു ഉത്തേജകം എന്ന നിലയിലാണ് നാം വായനോത്സവങ്ങൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്. കൈമോശം വന്നുകൊണ്ടിരിക്കുന്ന നല്ല വായനയുടെ ശീലം തിരിച്ചുപിടിക്കാൻ നമ്മുടെ സ്ത്രീകൾക്ക് ഈ ഒത്തുചേരലുകൾ പ്രചോദകമാവട്ടെ.!

വായിച്ചുകൊടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. വായിച്ചുകൊടുക്കുന്ന പുസ്തകം ആദ്യം ശ്രദ്ധിച്ച് വായിച്ചിരിക്കണം.
2. പുസ്തകത്തിന്റെ സാംസ്കാരിക പശ്ചാത്തലം, ഭാഷാഭേദം ഇവ മനസ്സിലാക്കണം.
3. ഗ്രന്ഥകാരനെക്കുറിച്ചും, അദ്ദേഹത്തിന്റെ മറ്റ് കൃതികളേക്കുറിച്ചും പറഞ്ഞുകൊടുക്കാവുന്നതാണ്.

4. സദസ്സിന്റെ പ്രത്യേകതകൾ മനസ്സിലാക്കിയിരിക്കണം. പ്രായം, സാംസ്കാരികപശ്ചാത്തലം ഇവ അറിഞ്ഞിരുന്നാൽ സ്വീകരണ ക്ഷമത എത്രയുണ്ടെന്ന് ധാരണകിട്ടും. ആശയ വിനിമയത്തിന് ഈ ധാരണ വളരെ പ്രധാനമാണ്.

5. വായിക്കുന്നയാളുടെ Tone, Accent എന്നിവ പ്രധാനമാണ്. വായിക്കുമ്പോൾ ചിഹ്നങ്ങൾ കണ്ടറിഞ്ഞ് വായിക്കണം. ഭാവസാന്ദ്രമായി വായിച്ചുകൊടുക്കണം. ശബ്ദത്തിന്റെ ആരോഹണ അവരോഹണങ്ങൾ പ്രധാനം.

6. അക്ഷരസ്ഫുടതയോടെ വായിക്കണം.

7. ആമുഖമുണ്ടെങ്കിൽ അതുകൂടി വായിക്കണം.

8. പുസ്തകത്തിന്റെ ഭാഷാപരവും ശൈലീപരവുമായ പ്രത്യേകതകൾ വിവരിച്ചാൽ നന്ന്.

9. സൂചിതകഥകൾ, സാങ്കേതിക പദങ്ങൾ എന്നിവ മുൻകൂട്ടി നോക്കി തയ്യാറായിരിക്കണം.

വായനോത്സവം

I. *മഞ്ഞുരുക്കൽ.*

എല്ലാവരും സ്വന്തം പേരു പറയുക. അതോടൊപ്പം തന്നെ പേപ്പറിന്റെ ആദ്യാക്ഷരം തുടങ്ങുന്ന ഒരു നാമം പറയുക. വാക്കുകൾ ബോർഡിൽ എഴുതാം. ഈ വാക്കുകളെ വർഗ്ഗീകരിക്കുക; നാമം, ക്രിയാനാമം, എന്നിങ്ങനെ വർഗീകരിക്കാം. ഓരോരുത്തരോടും, അവർ പറഞ്ഞ വാക്കിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് ആ വാക്കു പറഞ്ഞു എന്നാരായുക ആ വാക്കുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവമാകാം - രണ്ടോ മൂന്നോ വാക്യം സംസാരിക്കാൻ പറയുക. (വാക്കുകൾ വർഗ്ഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കാളികളെ ഗ്രൂപ്പുകളാക്കാം.)

-(20 മിനിറ്റ്)

II. (a) *വായന എന്തിന്?*

ചെറിയ വിശദീകരണം. - (കുറിപ്പ് വായിച്ച് അവതരിപ്പിക്കുക) *1 മണിക്കൂർ*

വായനകൊണ്ട് ഭാവന വികസിക്കുന്നു. ഏറ്റവും നല്ല സുഹൃത്താണ് പുസ്തകം.....തുടങ്ങിയവ

(b) *വായന എങ്ങനെ ?*

ഉദാഹരണങ്ങൾ പറയുക-

പദം മുറിക്കുന്നതിൽ, Tone ൽ , Accent ൽ ശ്രദ്ധിക്കേണ്ടത്.

(c) *നിങ്ങൾക്കിഷ്ടപ്പെട്ട പുസ്തകം എന്തുകൊണ്ട് ഇഷ്ടപ്പെട്ടു ?*

(d) *ഗൗരവമായ വായനയുടെ ആവശ്യം..*

Role Play (3 ഗ്രൂപ്പ്)

1. പദം മുറിക്കുന്നത് തെറ്റിയാൽ അർത്ഥം മാറും....
2. ഭാവം മാറ്റിയാൽ അർത്ഥം മാറും.....
3. സംഭാഷണ ഭാഷാ പ്രത്യേകതകൾ (ഉദാ: മലബാർ)

III ഒരു പുസ്തകം വായിച്ച് അവതരിപ്പിക്കുന്നു.

നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ

1. ഇതുശരിയോ ?
2. വെളുത്ത പക്ഷിയെ കാത്ത്
3. പുതിയ വായന
4. കുടിവെള്ളം
5. ചാർളി ചാപ്ലിൻ

IV വായിച്ച പുസ്തകത്തെക്കുറിച്ച് ചർച്ച. *30 മിനിറ്റ്.*

(പുസ്തകത്തിന്റെ ഉള്ളടക്കം, ഭാഷാപരമായ മികവ്, നിങ്ങൾക്കെന്ത് ഉൾക്കാഴ്ച ലഭിച്ചു.)

സമയലഭ്യതയനുസരിച്ച് കൂടുതൽ പുസ്തകം വായിക്കാം.

വ്യക്തിത്വ വികസനം

ആമുഖം

എന്താണ് വ്യക്തിത്വം ?

(ഗ്രൂപ്പ് മറുപടി പറയുന്നു) ഉദാ: പ്രത്യക്ഷത്തിലുള്ള വേഷം, നടപ്പ്, ഭാവം, സമീപനം മുതലായവ: ഇതെല്ലാം അടിസ്ഥാനപരമായി വേണ്ട ഘടകങ്ങളാണ്.

മാനസികാരോഗ്യവും ശാരീരികാരോഗ്യവും

ശാരീരികാരോഗ്യത്തിന് പലതരത്തിലുള്ള വ്യായാമമുറകളുണ്ട്. ഇന്ന് ജീവിതത്തിൽ വന്ന മാറ്റം കൊണ്ട് ശാരീരികാധ്വാനം കുറവാണ്. മാത്രമല്ല ഭക്ഷണരീതിയിൽ വന്ന മാറ്റവും ശരീരത്തിന്റെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ട് ചില ലളിതമായ വ്യായാമമുറകൾ ശീലിക്കാം. സ്ത്രീകൾക്ക് സ്വന്തം ശരീരത്തെക്കുറിച്ച് തെറ്റായ അവബോധങ്ങൾ ഉണ്ട് - അന്നനട, നമ്രമുഖി മുതലായവ.

വ്യായാമം — 30 മിനിറ്റ്

എല്ലാവരും വട്ടത്തിൽ നിൽക്കുക. വട്ടത്തിൽ നടക്കുക. ആദ്യം വെറുതെ നടക്കുക, പിന്നെ തല ഉയർത്തി, കൈവീശി നടക്കുക.

വ്യായാമം - കൈ, ചുമൽ, കഴുത്ത്, കണ്ണ്, അരക്കെട്ട്, കാലിന്റെ പാദം വരെ ഓരോ ജോയിന്റും ചലിപ്പിക്കുന്ന അഭ്യാസമുറകൾ.

പരിചയപ്പെടൽ — 10 മിനിറ്റ്

പങ്കാളിയെ കണ്ടെത്തൽ. ഈരണ്ടുപേർ ചേർന്ന് പരസ്പരം പരിചയപ്പെടുക. ഗ്രൂപ്പിൽ ഒരാൾ മറ്റൊരാളെ പരിചയപ്പെടുത്തുക.

Creativity — 10 മിനിറ്റ്

കളി - കുത്തുകൾ. 4 നേർവര കൊണ്ട് യോജിപ്പിക്കുക. എല്ലാവരും ശ്രമിക്കുന്നു. പിന്നീട് കുത്തു യോജിപ്പിച്ച് കാണിച്ചുകൊടുത്ത് അത് വിശദീകരിക്കുന്നു.

വിശദീകരണം

നമുക്ക് കുറെ Inhibitions (ആന്തരികമായ നിരോധം) ഉണ്ട്. അതു മറികടക്കലാണ് ഈ കളിയുടെ ഉദ്ദേശ്യം. പലപ്പോഴും നില നിൽക്കുന്ന വ്യവസ്ഥിതിക്കുള്ളിൽനിന്നു ചിന്തിച്ച് പ്രശ്നപരി ഹാരം കാണാനാണ് നാം ശ്രമിക്കുക. എന്നാൽ പലപ്പോഴും ശീലി ച്ച ചാലുകൾക്കപ്പുറത്ത് നമ്മൾ ഉത്തരം തേടേണ്ടിവരും.

എത്രപേർ ? (കളി) 10 മിനിറ്റ്

എല്ലാവരും വട്ടത്തിൽ നടക്കുക. മണിയടിക്കുമ്പോൾ ചെറു തായി ഓടുക. മണി അടി നിർത്തി ലീഡർ പറയുന്ന സംഖ്യ ശ്രദ്ധി ച്ച് അത്രയും പേർ ഒരുമിച്ച് കെട്ടിപ്പിടിക്കുക.(ഉദാ. 3 എന്നു പറ ഞ്ഞാൽ 3 പേർ) സംഖ്യ മാറ്റിപ്പറഞ്ഞ് കുറച്ചുനേരം കളി തുടരാം. (രസം പിടിച്ചുവരുമ്പോൾ കളി നിർത്തണം).

വിശദീകരണം

കൂട്ടായ്മ വളർത്താൻ - ഇന്നു നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്ന കൂട്ടായ്മ വീണ്ടെടുക്കാൻ - ചർച്ച (5 മിനിറ്റ്)

കണ്ണാടി 10 മിനിറ്റ്

ഒരാൾ വ്യക്തിയും മറ്റെയാൾ പ്രതിബിംബവും. കളിയിൽ എല്ലാവരും പങ്കാളികളാകുന്നു.

വിശദീകരണം

മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊണ്ട് അതിനനുസരിച്ച് പ്രതികരിക്കാനുള്ള മനഃസ്ഥിതി വളർത്തിയെടുക്കുക. സംവേദന ക്ഷമത വളർത്തൽ.

ശരീരത്തെക്കുറിച്ചുള്ള ബോധം

Brain drain 10 മിനിറ്റ്

1. ഒരു വസ്തു കൊടുത്തു കൊണ്ട് അതിന്റെ വൃത്യസ്ത ഉപയോ ഗങ്ങൾ പറയിക്കുക.

2. ഒരു വാക്കു പറഞ്ഞ് അതിന്റെ ഉപയോഗം വിവിധ സന്ദർഭ ങ്ങളിൽ.

നിമിഷപ്രസംഗം 10 മിനിറ്റ്

ഒന്നുമുതൽ പത്തുവരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് പ്രസംഗിക്കുക.

വിശദീകരണം

അറിവ് കുറഞ്ഞാൽ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിന് പരിമിതി ഉണ്ടാകും. അതുകൊണ്ട് അറിവ് വർദ്ധിപ്പിക്കണം.

ശബ്ദനിയന്ത്രണം 15 മിനിറ്റ്

1. താഴ്ന്ന സ്ഥായിയിൽ നിന്ന് ഉച്ചസ്ഥായിയിലേക്ക്, തിരിച്ചും.

2. അകലെയുള്ള ആളെ വിളിക്കൽ.

3. അത്യാപത്ത് അറിയിക്കൽ.

വിശദീകരണം

ശബ്ദനിയന്ത്രണത്തിന്റെ ആവശ്യകത ശ്രദ്ധിച്ചാൽ അസുഖകരമായ പല സന്ദർഭങ്ങളും ശബ്ദനിയന്ത്രണത്തിലൂടെ ഒഴിവാക്കാൻ കഴിയും. ഉദാ : രണ്ടുപേർ തമ്മിൽ സംസാരിക്കുമ്പോൾ അകലെ നിൽക്കുന്നവരുടെ ശ്രദ്ധ പിടിച്ചുപറ്റത്തക്ക വിധത്തിൽ സംസാരിക്കുന്നതും നാലഞ്ചുപേർ ചേന്നു നിൽക്കുമ്പോൾ രണ്ടുപേർ മാത്രം സംസാരിക്കുന്നതും ശരിയല്ല. വീടിനകത്ത് സംസാരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവ ചർച്ചാവിഷയമാക്കാം.

കവിതയുണ്ടാക്കൽ 20 മിനിറ്റ്

ഒരാൾ ഒരു വാക്കു പറയുന്നു. അടുത്തയാൾ മറ്റൊരു വാക്കു പറയുന്നു. പലരും ചേരുമ്പോൾ കവിതയുണ്ടാകുന്നു. ഒരാൾ അതു ട്യൂൺ ചെയ്യുന്നു. എല്ലാവരും ചേർന്നു പാടുന്നു.

സ്വകാര്യക്കളി 15 മിനിറ്റ്

ഗ്രൂപ്പിൽ നിന്ന് അഞ്ച് പേരെ പുറത്ത് മാറ്റിനിർത്തുക. അതിലൊരാളെ അകത്തേക്ക് വിളിച്ച് ഒരു സംഭവം (4 - 5 വാക്യങ്ങളിൽ) വിശദീകരിക്കുക. (മറ്റുള്ളവർ കേട്ടുനിൽക്കും. ഇടപെടാൻ പാടില്ല). അടുത്ത ആളെ വിളിച്ചു കേട്ട സംഭവം ആളിനോട് പറയാൻ ആവശ്യപ്പെടുക. തുടരുക. അവസാനത്തെ ആളുടെ അടുത്ത് എത്തുമ്പോൾ, എത്രമാത്രം ആശയം ചോർന്നു പോയെന്ന് മനസ്സിലാക്കുക.

വിശദീകരണം

ആശയചോർച്ച കൂടാതെ സംഭവം മനസ്സിലാക്കാനും അവതരിപ്പിക്കാനുമുള്ള സാമർത്ഥ്യം വളർത്തണം.

മൈമിംഗ് 15 മിനിറ്റ്

വ്യത്യസ്തരംഗങ്ങൾ മൈമിംഗിലൂടെ അവതരിപ്പിക്കുക. മൂന്ന് ഗ്രൂപ്പ്. ചന്ത, ആശുപത്രി, സ്കൂൾ, ബസ് സ്റ്റോപ്പ് മുതലായവ.

പ്രതിമക്കളി 10 മിനിറ്റ്

ലീഡർ എന്തെങ്കിലും പ്രവർത്തനം നിർദ്ദേശിക്കുന്നു. ലീഡർ വിസിൽ അടിക്കുമ്പോൾ അതാതു പോസിൽ അനങ്ങാതെ നിൽക്കുന്നു. ചലിക്കുന്നവർ ഔട്ടാവുന്നു.

അഭിനയം 15 മിനിറ്റ്

ഏതെങ്കിലും റോൾ കൊടുത്ത് അഭിനയിക്കാൻ പറയുക. മീൻകാരൻ, തൂപ്പുകാരൻ മുതലായവ.

മീറ്റിംഗ് സംഘടിപ്പിക്കുക

രണ്ടു ഗ്രൂപ്പായി തിരിക്കുക. യോഗം നടത്താൻ പറയുക. (നടപടിക്രമങ്ങൾ അറിയുമോ എന്ന് പരിശോധിക്കാൻ). ഓരോ ഗ്രൂപ്പിനും അഞ്ച് മിനിട്ട് വീതം.

മെഡിറ്റേഷൻ 30 മിനിറ്റ്

എല്ലാവരും കൈകോർത്ത് വട്ടത്തിൽ കണ്ണടച്ചിരിക്കുക. പശ്ചാത്തലത്തിൽ നിർദ്ദേശങ്ങൾ കൊടുക്കുക.

പുറത്തുള്ള ശബ്ദങ്ങൾ ശ്രദ്ധിക്കുക. മനസ്സ് കേന്ദ്രീകരിക്കുക. പതുക്കെ ഉള്ളിലേക്ക് ശ്രദ്ധിക്കുക - പതുക്കെ ഒരു രംഗം അവതരിപ്പിക്കുക. (മരുഭൂമി, യുദ്ധരംഗം). അതായത് വികാരോജ്വലമായ ഒരു രംഗത്തിന്റെ വിവരണം. തുടർന്ന് മ്യൂസിക്, (ഒരു മുരളീഗാനത്തിന്റെ കാസറ്റ്) താഴ്ന്ന സ്ഥായിയിൽ. പങ്കാളികളുടെ പ്രതികരണം ശ്രദ്ധിക്കുക.

<u>അവലോകനം</u> 30 മിനിറ്റ്

കോർണറിനെ വിലയിരുത്താൻ ആവശ്യപ്പെടാം.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

സമതാ കലാജാഥ - 97 ഒക്ടോ. 2 - നവ. 1